നഗരഭരണവും

ഉദ്യോഗസ്ഥസംവിധാനവും

പരിശീലന മൊഡ്യൂൾ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ-680 581

മെയ് 2017

Nagarabharanavum Udhyogasthasamvidhanavum

Training Module
May 2017

Chief Editor
Dr. P.P. Balan, Director, KILA

Course Director
Dr. Sunny George, Professor, KILA

Course Coordinator & Module Preparation
K. Gopalakrishnan, Extension Faculty, KILA

DTP
Janakey K A

Published by:
Kerala Institute of Local Administration (KILA)
Mulamkunnathukavu, Thrissur–680581
Ph. 2200244, 2207087 (Office)
0487-2201312 (Director)
0487-2201062 (Fax)
ഇമെയിൽ: kilathrissur@gmail.com
വെബ്സൈറ്റ് : www.kila.ac.in

Layout & Cover
Rajesh Thanikudam

Printed at
Co-operative Press
Mulamkunnathukavu, 2200391, 9895566621

May 2017

ഉള്ളടക്കം

1. ആമുഖം
2. കാര്യപരിപാടി
3. പ്രീ ടെസ്റ്റ്
4. സെഷൻ പ്ലാൻ, അവതരണക്കുറിപ്പ്, ഉപാധികൾ
5. പോസ്റ്റ് ടെസ്റ്റ്
6. പരിശീലക വിലയിരുത്തൽ ഫോറം

ആമുഖം

1. പാശ്ചാത്തലം

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോന്നും ഓരോ പ്രാദേശിക സർക്കാരാണ്. ഭരണപരമായ ചുമതലകൾ, വികസന പ്രവർത്തനങ്ങൾ, സേവന-ക്ഷേമ പ്രവർത്തനനൾ എന്നിവയുമായി ബന്ധപ്പെട്ട് ഒട്ടേറെ ഉത്തരവാദിത്തങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിറവേറ്റാനുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും നിറവേറ്റുന്നതിനായി നഗരസഭകളിൽ ജനപ്രതിനിധികളടങ്ങുന്ന കൗൺസിലും ഉദ്യോഗസ്ഥസംവിധാനവുണ്ട്. ഉദ്യോഗസ്ഥസംവിധാനം തന്നെ നഗരസഭാ കാര്യാലയത്തിലുള്ളത് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലുള്ളത് എന്നിങ്ങനെ രണ്ട് വിഭാഗമായിട്ടുണ്ട്. ഭരണ-വികസന-ക്ഷേമപ്രവർത്തനങ്ങൾ നഗരസഭകൾ നടത്തുന്നത് ഈ ഉദ്യോഗസ്ഥരിലൂടെയാണ്. ജനങ്ങൾ ഭരണത്തെ വിലയിരുത്തുന്നതിലെ ഒരു ഘടകം ഉദ്യോഗസ്ഥരുടെ പ്രവർത്തനമാണ്. നഗരസഭാ കാര്യാലയത്തിലൂടേയും കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലൂടെയും ഗുണമേന്മയുള്ള സേവനം ജനങ്ങൾക്ക് ലഭ്യമാക്കി കൊടുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കേണ്ടത് ഉദ്യോഗസ്ഥ സംവിധാനമാണ്.

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാനതത്വങ്ങളായ ജനപങ്കാളിത്തം, സുതാര്യത, കാര്യക്ഷമത മുതലായവ നഗരഭരണത്തിൽ സാധ്യമാകണമെങ്കിൽ അവിടുത്തെ ഉദ്യോഗസ്ഥ സംവിധാനം കാര്യക്ഷമമാകുക തന്നെ വേണം. ഉദ്യോഗസ്ഥരുടെ കാര്യക്ഷമതാ വർദ്ധനവിലൂടേയും മതിയായ ഭൗതിക സൗകര്യങ്ങൾ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നതിലൂടേയും ഗുണമേന്മയുള്ള സേവനങ്ങളും മികച്ച വികസന-ക്ഷേമ പ്രവർത്തനങ്ങളും നഗരസഭകൾക്ക് കാഴ്ചവയ്ക്കാൻ കഴിയും. പദ്ധതിയിൽ ഉൾപ്പെടുത്തിയും അല്ലാതെയും മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ ഒരുക്കാൻ കഴിയും. എന്നാൽ ഉദ്യോഗസ്ഥരുടെ കാര്യശേഷി വികസനത്തിന് തുടർച്ചയായ പരിശീലനങ്ങൾ അനിവാര്യമാണ്.

നഗരസഭകൾക്ക് ചെയ്യാനുള്ള കാര്യങ്ങൾ വിപുലവും വൈവിധ്യപൂർണ്ണവുമാണ്. പല നടപടികളും ഒട്ടേറെ നിയമവിഷയങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ഭരണഘടനാ വ്യവസ്ഥകൾ മുതൽ ഒട്ടേറെ നിയമവ്യവസ്ഥകളും ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് തീരുമാനങ്ങളെടുക്കേണ്ടതും നടപ്പിലാക്കേണ്ടതും. ഭരണവ്യവസ്ഥ നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം ഉദ്യോഗസ്ഥ സംവിധാനത്തിനുണ്ട്. നിയമവാഴ്ച ഉറപ്പുവരുത്തണമെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ അറിവ് വർദ്ധിപ്പിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ നിയമവാഴ്ചയിലധിഷ്ഠിതമായ കാര്യക്ഷമമായ നഗരഭരണത്തിന് ഉദ്യോഗസ്ഥരുടെ കാര്യശേഷി വളരെ പ്രധാനപ്പെട്ടതാണ്. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് മുനിസിപ്പാലിറ്റികളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും ഉദ്യോഗസ്ഥരുടെ കാര്യശേഷിവികസനം ലക്ഷ്യമിട്ടുകൊ

ണ്ടുള്ള ഈ പരിശീലനപരിപാടി രൂപകല്പന ചെയ്തിരിക്കുന്നത്. നഗരഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ കൂടാതെ നഗരകാര്യ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരും ഈ പരിശീലനപരിപാടിയിൽ പങ്കാളികളാണ്. ഇങ്ങനെ ഒരു പരിശീലന പരിപാടിക്ക് മുൻകൈ എടുത്തത് നഗരകാര്യ ഡയറക്ടറേറ്റാണ്. മാത്രമല്ല നഗരകാര്യ ഡയറക്ടറേറ്റിന്റെ പങ്കാളിത്തത്തോടുകൂടിയാണ് ഈ പരിശീലനം നടത്തുന്നതും.

2. പരിശീലന ലക്ഷ്യങ്ങൾ

നഗരഭരണ സ്ഥാപനങ്ങളിലേയും നഗരകാര്യ വകുപ്പിലെയും ഉദ്യോഗസ്ഥരുടെ കാര്യശേഷി വികസനമാണ് ഈ പരിശീലന പരിപാടിയുടെ ആത്യന്തികമായ ലക്ഷ്യം. അതിന്റെ ഭാഗമായി തന്നെ താഴെപ്പറയുന്നവ ലക്ഷ്യമിടുന്നു.

പരിശീലനാവസാനം പരിശീലനപങ്കാളികൾക്ക്:-

- കേരളത്തിലെ പ്രാദേശികഭരണ സംവിധാനത്തെക്കുറിച്ചും നഗരഭരണ സംവിധാനത്തെക്കുറിച്ചും വിശദീകരിക്കാൻ കഴിയുക.
- നഗരഭരണസ്ഥാപനങ്ങളിലെ സ്ഥാപനങ്ങളേയും അവയിലെ ഉദ്യോഗസ്ഥരേയും കുറിച്ച് പറയാനും ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങളേയും ചുമതലകളേയും കുറിച്ച് വിശദീകരിക്കാനും കഴിയുക.
- വിവിധ യോഗങ്ങളുടെ നടപടിക്രമങ്ങളും ചിട്ടകളും അവയുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥകളും പറയാൻ കഴിയുക.
- വിവിധ നികുതികൾ നിർണ്ണയിക്കാനും അപ്പീൽ നടപടികൾ കൈകാര്യം ചെയ്യാനും കഴിയുക.
- ലൈസൻസുകൾ, അനുവാദങ്ങൾ, രജിസ്ട്രേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട നടപടികൾ പറയാൻ കഴിയുക.
- അക്കൗണ്ടിംഗ് രീതിയെക്കുറിച്ചും ഓഡിറ്റ് നടപടികളെക്കുറിച്ചും വിവരിക്കാൻ കഴിയുക.
- ക്ഷേമപെൻഷനുകൾ, അിറയാനുള്ള അവകാശം, സേവനാവകാശം, പൗരാവകാശരേഖ എന്നിവയിൽ ഉദ്യോഗസ്ഥരുടെ പങ്ക് വിവരിക്കാൻ കഴിയുക.
- 2016-ലെ നഗര-ഗ്രാമാസൂത്രണ നിയമം കൂടി പരിഗണിച്ച് കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ വിശദീകരിക്കാൻ കഴിയുക.
- പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവയുടെ ചിട്ടകളും വ്യവസ്ഥകളും ഉദ്യോഗസ്ഥരുടെ പങ്കും പറയാൻ കഴിയുക.
- ഓഫീസ് നടപടിക്രമങ്ങൾ വിശദീകരിക്കാനും ഫയൽ മാനേജ്മെന്റ് കാര്യക്ഷമമായി നടത്താനും കഴിയുക.
- നഗരസഭകളിലൂടെ നടപ്പാക്കി വരുന്ന വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളെക്കുറിച്ച് വിവരിക്കാൻ കഴിയുക.

- സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന നവകേരള മിഷൻ പ്രവർത്തനങ്ങളും നഗരസഭാ പ്രവർത്തനങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാക്കാൻ കഴിയുക.
- പൊതുമരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ വിവരിക്കാൻ കഴിയുക.
- രാജ്യത്തെ കോടതികളെക്കുറിച്ചും അവയിലെ നടപടിക്രമങ്ങളെക്കുറിച്ചും സൂചിപ്പിക്കാനും കേസുകൾ കൈകാര്യം ചെയ്യുമ്പോൾ നഗരസഭാ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറയാനും കഴിയുക.

3. പരിശീലന വിഷയങ്ങൾ

താഴെപ്പറയുന്ന 16 വിഷയങ്ങളാണ് ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. പ്രാദേശികഭരണ സംവിധാനം
2. നഗരഭരണവും കമ്മിറ്റി സംവിധാനങ്ങളും
3. ഉദ്യോഗസ്ഥ സംവിധാനവും ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും
4. കൗൺസിലിന്റേയും സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും യോഗനടപടിക്രമം.
5. വിഭവ സ്രോതസ്സുകളും വിഭവ മാനേജ്മെന്റും
6. നികുതിനിർണ്ണയവും അപ്പീലും
7. ലൈസൻസുകൾ, അനുവാദങ്ങൾ, രജിസ്ട്രേഷനുകൾ
8. അക്കൗണ്ടിംഗ്, ഓഡിറ്റിംഗ്
9. ക്ഷേമപെൻഷനുകളും ധനസഹായങ്ങളും
10. അറിയാനുള്ള അവകാശം, സേവനാവകാശം, പൗരാവകാശരേഖ
11. നഗരാസൂത്രണവും കെട്ടിട നിർമ്മാണ ചട്ടങ്ങളും കെട്ടിട നിർമ്മാണാനുമതിയും
12. പദ്ധതി ആസൂത്രണം, നിർവ്വഹണം
13. ഓഫീസ് മാനേജ്മെന്റ്
14. കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികളും മിഷനുകളും
15. പൊതുമരാമത്ത് ചട്ടങ്ങളും നിർവ്വഹണവും
16. കോടതികളും നടപടിക്രമങ്ങളും

4. പരിശീലന ദൈർഘ്യം

മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ഒരു റസിഡൻഷ്യൽ പരിശീലനമാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ഒന്നാം ദിവസം രാവിലെ 9.30-ന് ആരംഭിച്ച് മൂന്നാം ദിവസം ഉച്ചക്ക് 1.45-ന് അവസാനിക്കും വിധമാണ് കാര്യപരിപാടി തയ്യാറാക്കിയിട്ടുള്ളത്.

5. പരിശീലന പങ്കാളികൾ, ബാച്ചുകൾ

നഗരകാര്യ ഡയറക്ടറേറ്റിലേയും മുനിസിപ്പാലിറ്റികളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും ഉദ്യോഗസ്ഥരാണ് ഈ പരിശീലന പരിപാടിയിലെ പങ്കാളികൾ. ഏകദേശം 50 പേർ വീതമുള്ള 15 ബാച്ചുകളായാണ് പരിശീലനം നടത്താൻ ഉദ്ദേശിക്കുന്നത്.

6. സമയക്രമം

2017 മെയ്, ജൂൺ, ജൂലായ് മാസങ്ങളിലായിട്ടാണ് ഈ പരിശീലനം നടത്തുന്നത്.

7. പരിശീലനവേദി

മുഴവൻ ബാച്ച് പരിശീലനവും കിലയിൽ വച്ചു നടത്തുന്നതാണ്.

8. പരിശീലന രീതി

പങ്കാളിത്ത പഠനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള രീതിയാണ് പരിശീലനത്തിൽ അവലം ബിക്കുക. ഗ്രൂപ്പ് പ്രവർത്തനങ്ങൾ, പ്ലീനറി റിപ്പോർട്ടിംഗ്, നിയന്ത്രിത വായന, സ്ലൈഡ് വായ ന, വീഡിയോ പ്രദർശനം, കേസ് സ്റ്റഡി, ചർച്ച തുടങ്ങി വിവിധ പങ്കാളിത്ത പഠനരീതികളിലൂ ടെയാണ് വിവിധ സെഷനുകൾ അവതരിപ്പിക്കുക.

9. പരിശീലകർ

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും വിരമിച്ചവരുമായ കിലയുടെ എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഈ പരിശീലന പരിപാടിക്കു വേണ്ടി ഫാക്കൽറ്റി ശില്പശാല നടത്തുന്നതാണ്. ആ ശില്പശാലയിൽ നിന്ന് തിരഞ്ഞെടു ക്കപ്പെടുന്നവരായിരിക്കും ഫാക്കൽറ്റി അംഗങ്ങളായി ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.

10. കൈപ്പുസ്തകങ്ങൾ

(i) പരിശീലനത്തിൽ പങ്കെടുക്കുന്ന മുഴുവൻ പേർക്കും, കൂടാതെ പരിശീലകർക്കും നൽകുന്നതിനായി നഗരഭരണവും ഉദ്യോഗസ്ഥസംവിധാനവും എന്ന കൈപ്പുസ്തകം കില തയ്യാറാക്കുന്നതും വിതരണം ചെയ്യുന്നതുമാണ്.

(ii) പരിശീലന വിഷയങ്ങളുടെ സെഷൻ പ്ലാനുകളും പവർപോയിന്റ് സ്ലൈഡുകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശദമായ പരിശീലന മോഡ്യൂൾ തയ്യാറാക്കി മുഴുവൻ പരിശീലകർക്കും നൽകുന്നതാണ്.

11. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കുള്ള അിറയിപ്പ് നൽകൽ

അറിയിപ്പ് നൽകുന്നത് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പ്രകാരമായിരിക്കുന്നതാണ്.

(i) ഓരോ ബാച്ചിന്റേയും പരിശീലന തീയ്യതികൾ ഉൾക്കൊള്ളുന്ന പരിശീലന ഷെഡ്യൂൾ കിലയിൽ നിന്ന് നഗരകാര്യ ഡയറക്ടറേറ്റിൽ അറിയിക്കുന്നതാണ്.

(ii) ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി, അതു പ്രകാരം പങ്കെടു ക്കേണ്ടവർക്കുള്ള അിറയിപ്പ് യഥാസമയം നഗരകാര്യ ഡയറക്ടറേറ്റ് ബന്ധപ്പെട്ടവരെ ഇ-മെയിൽ, എഴുത്ത്, ഫോൺ എന്നിവ മുഖേന അറിയിക്കുന്നതാണ്.

(iii) ഓരോ ബാച്ചിലും പങ്കെടുക്കാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളവരുടെ ലിസ്റ്റ് നഗരകാര്യ ഡയറക്ടറേറ്റ് കിലക്ക് നൽകുന്നതാണ്.

12. പരിശീലന വിലയിരുത്തൽ

(i) <u>അറിവിന്റെ വളർച്ച അളക്കൽ</u>

പരിശീലന സംഘാടനം, നടത്തിപ്പ്, ക്ലാസ്സുകൾ എന്നിവ താഴെപ്പറയും വിധം സൂക്ഷ്മമായ വിലയിരുത്തലിന് വിധേയമാക്കുന്നതാണ്.

പ്രീടെസ്റ്റ്

പരിശീലനാരംഭിത്തിൽ, പരിശീലനാർത്ഥികളുടെ മുന്നറിവ് പരിശോധിക്കുന്നതിനായി ഒരു പ്രീടെസ്റ്റ് നടത്തുന്നതാണ്.

പോസ്റ്റ് ടെസ്റ്റ്

പരിശീലനാവസാനം, പരിശീലനത്തിലൂടെ നേടിയ അറിവുകൾ എത്രമാത്രമുണ്ടെന്ന് വിലയിരുത്തുന്നതിനായി ഒരു പോസ്റ്റ് ടെസ്റ്റ് നടത്തുന്നതാണ്.

അറിവിന്റെ വളർച്ച കണ്ടെത്തൽ

താഴെ കൊടുത്ത ഫോർമുല ഉപയോഗിച്ച് അറിവിന്റെ വളർച്ച അളക്കുന്നു.

$$\text{അറിവിന്റെ വളർച്ച} = \frac{\text{പോസ്റ്റ് ടെസ്റ്റ് മാർക്ക് - പ്രീടെസ്റ്റ് മാർക്ക്}}{\text{പ്രീടെസ്റ്റ് മാർക്ക്}} \times 100$$

മൂന്ന് ദിവസ പരിശീലനത്തിലൂടെ പരിശീലനാർത്ഥികളുടെ അറിവിൽ എത്ര ശതമാനം വളർച്ചയുണ്ടായി എന്ന് മേൽപ്പറഞ്ഞ വിലയിരുത്തലിലൂടെ മനസ്സിലാക്കുന്നു.

(ii) ക്ലാസ്സുകളുടെ വിലയിരുത്തൽ

ഓരോ പരിശീലകനേയും അയാൾ കൈകാര്യം ചെയ്ത സെഷന്റെ അടിസ്ഥാനത്തിൽ പഠിതാക്കൾ വിലയിരുത്തുന്നതാണ്. അതിനായി ഓരോ പരിശീലകനേയും 10 പോയിന്റ് സ്കെയിലിൽ വിലയിരുത്തുന്നതിനായി ഓരോ പഠിതാവിനും ഓരോ പരിശീലക വിലയിരുത്തൽ ഫോറം നൽകുന്നതാണ്. പരിശീലനാവസാനം അവ തിരിച്ചുവാങ്ങി മാർക്കുകൾ ക്രോഡീകരിച്ച് ഓരോ പരിശീലനകന്റേയും സ്കോർ വിലയിരുത്തുന്നതാണ്.

(iii) പരിശീലന വിലയിരുത്തൽ റിപ്പോർട്ടുകൾ

ഓരോ ദിവസത്തേയും ക്ലാസ്സുകളും മൊത്തം പരിശീലന പരിപാടിയും പഠിതാക്കളിൽ ഒരാൾ വിലയിരുത്തൽ റിപ്പോർട്ടായി എഴുതി തയ്യാറാക്കി തൊട്ടടുത്ത ദിവസം ക്ലാസ് ആരംഭത്തിൽ ക്ലാസ്സിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കുന്നതാണ്.

(iv) പരിശീലന അവസാന വിലയിരുത്തൽ

പരിശീലനാവസാനം ഒരു വിലയിരുത്തൽ സെഷൻ ഉണ്ടായിരിക്കുന്നതാണ്. കില ഡയറക്ടർ, കോഴ്സ് ഡയറക്ടർ, കോഴ്സ് കോ-ഓർഡിനേറ്റർ എന്നിവർ പങ്കെടുക്കുന്ന പ്രസ്തുത സെഷനിൽ പരിശീലനം വിലയിരുത്തിക്കൊണ്ട് പഠിതാക്കൾക്ക് സംസാരിക്കാൻ അവസരം നൽകുന്നതാണ്. അതിലൂടെ പഠിതാക്കൾ എങ്ങനെ പരിശീലനത്തെ വിലയിരുത്തുന്നു എന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
(മുളംകുന്നത്തുകാവ്, തൃശൂർ)
നഗരസഭകളിലേയും നഗരകാര്യ ഡയറക്ടറേറ്റിലേയും
ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള പരിശീലനപരിപാടി

വേദി : കില **തീയ്യതി .....**

കോഴ്സ് ഡയറക്ടർ : ഡോ. സണ്ണി ജോർജ്ജ്, പ്രൊഫസർ, കില
കോഴ്സ് കോ-ഓർഡിനേറ്റർ : ശ്രീ. ഗോപാലകൃഷ്ണൻ, എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില

കാര്യപരിപാടി

ഒന്നാം ദിവസം

09.30 – 10.00 a.m	:	**രജിസ്ട്രേഷൻ**
10.00 – 10.30 a.m	:	**ഉദ്ഘാടന സെഷൻ**
	:	**കാര്യപരിപാടി വിശദീകരണം:**
10.30 – 10.45 a.m	:	**പരിചയപ്പെടൽ**
10.45 - 11.00 a.m	:	ചായ
11.00 – 11.15a.m	:	പ്രീടെസ്റ്റ്
11.15 - 12.15 p.m	:	സെഷൻ **- 1 :** പ്രാദേശികഭരണ സംവിധാനം
12.15 – 01.15p.m	:	സെഷൻ **- 2** : നഗരഭരണവും കമ്മിറ്റി സംവിധാനങ്ങളും
01.15 – 02.00.p.m	:	ഉച്ചഭക്ഷണം
02.00 – 03.00p.m	:	സെഷൻ **3 :** ഉദ്യോഗസ്ഥ സംവിധാനവും, ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും
03.00 –04.00 p.m	:	സെഷൻ **4:** കൗൺസിന്റേയും സ്റ്റിംഗ് കമ്മിറ്റിയുടേയും യോഗനടപടിക്രമം
04.00- 04.15p.m	:	ചായ
04.15– 05.15p.m	:	സെഷൻ **5:** വിഭവസ്രോതസ്സുകളും വിഭവമാനേജ്മെന്റും
05.15 – 06.30p.m	:	സെഷൻ **– 6**: നികുതി നിർണ്ണയവും അപ്പീലും

രണ്ടാം ദിവസം

09.00 – 09.15 a.m	:	ഒന്നാം ദിവസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ടിംഗ്
09.15 -10.30 a.m		സെഷൻ – **7:** ലൈസൻസുകൾ, അനുമതികൾ, രജിസ്ട്രേഷനുകൾ
10.30- 10.45a.m		ചായ
10.45 –12.00	:	സെഷൻ **-8 :** അക്കൗണ്ടിംഗ്, ഓഡിറ്റിംഗ്
12.00 – 01.00 p.m	:	സെഷൻ **9 :** ക്ഷേമ പെൻഷനുകൾ
01.00-02.00	:	ഉച്ചഭക്ഷണം
02.00 – 03.00p.m	:	സെഷൻ – **10 :** അറിയാനുള്ള അവകാശം, സേവനാവകാശം, പൗരാവകാശരേഖ
03.00 – 04.15p.m	:	സെഷൻ **11 :** നഗരാസൂത്രണവും കെട്ടിടനിർമ്മാണ ചട്ടങ്ങളും കെട്ടിട നിർമ്മാണാനുമതിയും
04.15-04.30 p.m	:	ചായ
04.30 – 05.45 p.m	:	സെഷൻ – **12 :** പദ്ധതി ആസൂത്രണം, നിർവ്വഹണം
05.45 - 06.30p.m	:	സെഷൻ **13 :** ഓഫീസ് മാനേജ്മെന്റ്
06.30-06.45p.m	:	ചായ
06.45 –07.45p.m	:	ക്യാമ്പ് ഫയർ

മൂന്നാം ദിവസം

09.00– 09.15 a.m	:	രണ്ടാം ദിവസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ടിംഗ്
09.15– 10.30 a.m	:	സെഷൻ **14 :** കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികളും മിഷനുകളും
10.30 – 10.45 a.m		ചായ
10.45-11.45a.m	:	സെഷൻ – **15 :** പൊതുമരാമത്ത് ചട്ടങ്ങളും നിർവ്വഹണവും
11.45 - 12.55 p.m	:	സെഷൻ – **16 :** കോടതികളും നടപടിക്രമങ്ങളും
12.55 – 01.15 p.m	:	പോസ്റ്റ് ടെസ്റ്റ്
01.15 – 01.30 p.m		പരിശീലനം വിലയിരുത്തൽ
01.30- 01.45 p.m	:	സർട്ടിഫിക്കറ്റ് വിതരണം, സമാപനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ്, തൃശൂർ – 680 581

നഗരകാര്യ ഡയറക്ടറേറ്റിലേയും നഗരഭരണ സ്ഥാപനങ്ങളിലെയും
ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

പ്രീ ടെസ്റ്റ്

സമയം – 10 മിനിറ്റ്

ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക	
1.	കേരള മുനിസിപ്പൽ നിയമത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകളെപ്പറ്റി പറയുന്ന വകുപ്പ് ഏത്? **(എ)** 15 **(ബി)** 22 **(സി)** 26 എ **(ഡി)** 20 എ
2.	ഭരണഘടനയുടെ എത്രാം പട്ടികയിലാണ് നഗരഭരണ സ്ഥാപനങ്ങളുടെ ചുമതലാ വിഷയങ്ങൾ പറഞ്ഞിട്ടുള്ളത്? **(എ)** 7 **(ബി)** 1 **(സി)** 11 **(ഡി)** 12
3.	പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികളിൽ നിർബന്ധമായി ചേരേണ്ടതായ പ്രത്യേക വിഭാഗത്തിന്റെ യോഗം? **(എ)** സ്ത്രീകൾ **(ബി)** കുട്ടികൾ **(സി)** ഭിന്നശേഷിക്കാർ **(ഡി)** വയോജനങ്ങൾ
4.	മുനിസിപ്പാലിറ്റി നിയമപ്രകാരം നഗരഭരണസ്ഥാപനങ്ങൾക്ക് എത്ര അനിവാര്യ ചുമതലകളുണ്ട്? **(എ)** 18 **(ബി)** 21 **(സി)** 27 **(ഡി)** 30
5.	വിഷയമേഖല സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ട ചുമതല ആർക്ക്? **(എ)** നിർവ്വഹണ ഉദ്യോഗസ്ഥന് **(ബി)** വർക്കിംഗ് ഗ്രൂപ്പിന് **(സി)** ആസൂത്രണ സമിതിക്ക് **(ഡി)** സ്റ്റാന്റിംഗ് കമ്മിറ്റിക്ക്
ശരിയോ തെറ്റോ എന്നെഴുതുക	
6.	ജൈവവള നിർമ്മാണ പ്രോജക്ട് ഉല്പാദന മേഖലയിൽ ഉൾപ്പെടുന്നതാണ്?
	ഉത്തരം: ....
7.	നികുതി അപ്പീലിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എടുത്ത തീരുമാനം കൗൺസിൽ റദ്ദാക്കി
	ഉത്തരം: ....
8.	കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ട് ലഭിച്ചാൽ അത് ചർച്ച ചെയ്യുന്നതിനായി കൗൺസിലിന്റെ ഒരു പ്രത്യേക യോഗം ചേരേണ്ടതാണ്
	ഉത്തരം: ....
9.	കൃത്യനിർവഹണത്തിൽ തുടർച്ചയായ വീഴ്ച വരുത്തിയ പി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസറെ കൗൺസിലിന്റെ ഐക്യകണ്ഠേനയുള്ള തീരുമാനപ്രകാരം സസ്പെന്റ് ചെയ്തു.
	ഉത്തരം: ....

10.	കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം കെട്ടിട നിർമ്മാണം നിയന്ത്രിക്കുക എന്നത് അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതാണ്?
	ഉത്തരം: ....
പൂരിപ്പിക്കുക	
11.	തൊഴിൽനികുതി ഈടാക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ അർദ്ധവാർഷിക വരുമാനം …….. രൂപയാണ്
12.	നഗരസഭയുടെ അനിവാര്യചുമതലകൾ ഏതെല്ലാമെന്ന് പ്രതിപാദിക്കുന്നത് മുനിസിപ്പാലിറ്റി നിയമത്തിലെ …….. പട്ടികയിലാണ്?
13.	സേവനാവകാശ നിയമം കേരളത്തിൽ നിലവിൽ വന്നത് …… വർഷത്തിലാണ്.
14.	വിവരാവകാശ നിയമപ്രകാരം …… ആണ് രണ്ടാം അപ്പീൽ അധികാരി
15.	സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗ അജണ്ട തയ്യാറാക്കേണ്ടത് ……. ആണ്?
ഉത്തരമെഴുതുക	
16.	യോഗനടപടികൾക്ക് ഉയോഗിക്കുന്നതിന് വേണ്ടി ഐ.കെ.എം വികസിപ്പിച്ചെടുത്തിട്ടുള്ള സോഫ്റ്റ് വെയർ ?
17.	എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് വിവാഹധനസഹായമായി പരമാവധി എത്ര രൂപ നഗരസഭകൾക്ക് ധനസഹായംനൽകാം?
18.	L.Dis ഫയലുകൾ എത്ര കാലം സൂക്ഷിക്കണം?
19.	നഗരസഭകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ എത്ര ശതമാനം തുക ഉല്പാദന മേഖലയ്ക്കായി വകയിരുത്തണം
20.	എം.ഒ.പി അനുസരിച്ച് സെക്ഷൻ ക്ലാർക്കിന് തപാലുകൾ രേഖപ്പെടുത്താനുള്ള രജിസ്റ്റർ ഏതാണ്?

തിയതി ……

പേര് :

നഗരസഭയുടെ പേര്:

സെഷൻ പ്ലാൻ

അവതരണക്കുറിപ്പ്

ഉപാധികൾ

സെഷൻ – 1

1. വിഷയം: **പ്രാദേശികഭരണ സംവിധാനം**
2. ലക്ഷ്യം:
   (1) പരിശീലനാർത്ഥികൾക്ക് അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ പറയാൻ കഴിയുക.
   (2) 74-ാം ഭരണഘടനാ ഭേദഗതിയുടെ പ്രധാന സവിശേഷതകൾ പറയാൻ കഴിയുക.
   (3) നഗരഭരണ സംവിധാനത്തെക്കുറിച്ചും ഉദ്യോഗസ്ഥ-സ്ഥാപന സംവിധാനത്തെക്കുറിച്ചും വിവരിക്കാൻ കഴിയുക.
   (4) നഗരസഭകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും അധികാരങ്ങളും വിവരിക്കാൻ കഴിയുക.
3. സമയം : 60 മിനിറ്റ്
4. വേദി : പൊതുവേദി
5. ഉള്ളടക്കവും പഠനരീതിയും:

ക്രമ നം	ഉള്ളടക്കം	സമയം	പഠനരീതി	ഉപാധികൾ
1.	കേരളത്തിലെ നഗരഭരണസംവിധാനത്തിന്റെ ചരിത്രം	5 മിനിറ്റ്	ബ്രെയിൻ സ്റ്റോമിംഗ്	ചാർട്ട് പേപ്പർ, പേന, സ്ലൈഡ് – 2
2.	നഗരഭരണ സംവിധാനം – നിയമങ്ങൾ	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 3
3.	1993-ലെ 74-ാം ഭരണഘടന ഭേദഗതി സവിശേഷതകൾ	5 മിനിറ്റ്	അവതരണം	സ്ലൈഡ് – 4
4.	ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ	10 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് -5, 6
5.	അധികാര വികേന്ദ്രീകരണത്തിന്റെ നേട്ടങ്ങൾ	5 മിനിറ്റ്	ബ്രെയിൻ സ്റ്റോമിംഗ്, പങ്കാളിത്ത അവതരണം	ചാർട്ട് പേപ്പർ, പേന, സ്ലൈഡ് – 7
6.	നഗരഭരണ സംവിധാനം	5 മിനിറ്റ്	അവതരണം	സ്ലൈഡ് – 8
7.	നഗരസഭയുടെ നിയന്ത്രണാധികാരത്തിലുള്ള സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും	5 മിനിറ്റ്	സ്ലൈഡ് വായന (പഠിതാക്കൾ)	സ്ലൈഡ്-9, 10
8.	അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും – ഭരണഘടന പ്രകാരം. മുനിസിപ്പാലിറ്റി നിയമപ്രകാരം (എ) അനിവാര്യ ചുമതലകൾ (ബി) പൊതു ചുമതലകൾ (സി) മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ	10 മിനിറ്റ്	കൈപ്പുസ്തകത്തിലെ അദ്ധ്യായം 1-ൽ കൊടുത്തിട്ടുള്ള 12-ാം പട്ടികയിലെ ചുമതലകളും അനിവാര്യ ചുമതലകളും വായന. തുടർന്ന് ചുമതലകളെക്കുറിച്ച് ചർച്ച	കൈപ്പുസ്തകം, സ്ലൈഡ് – 11
9	മറ്റ് അധികാരങ്ങളും ചുമതലകളും	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 12
10.	സംശയനിവാരണം, ക്രോഡീകരണം	5 മിനിറ്റ്	–	–

അവതരണക്കുറിപ്പ്:

- ബ്രെയിൻസ്റ്റോമിംഗിലൂടെ നഗരഭരണ സംവിധാനത്തിന് സ്വാതന്ത്ര്യത്തിനു മുമ്പ് തന്നെയുള്ള ഒരു ചരിത്രമുണ്ടെന്ന് സൂചിപ്പിക്കുക.
- സ്വാതന്ത്ര്യത്തിനുശേഷം 1960-ൽ മുനിസിപ്പലാറ്റി നിയമവും 1961-ൽ മുനിസിപ്പൽ കോർപ്പറേഷൻ നിയമവും പാസ്സാക്കപ്പെട്ട കാര്യം സൂചിപ്പിക്കുക.
- 1994-ലെ നിയമം തുടർന്നുണ്ടായ ജനകീയാസൂത്രണ പ്രസ്ഥാനം, സെൻകമ്മിറ്റി നിർദ്ദേശങ്ങൾ എന്നിവ ചുരുക്കി പ്രസ്താവിക്കുക.

പഠന രീതി : 'സ്ലൈഡ് വായന' എന്ന് പറഞ്ഞിട്ടുള്ളിടത്ത് പഠിതാക്കളിൽ ഒന്നോ രണ്ടോ പേരെക്കൊണ്ട് സ്ലൈഡ് വായിപ്പിക്കുകയാണ് ചെയ്യേണ്ടത്. വിശദീകരണം ആവശ്യമില്ല. പുസ്തകം വായന എന്ന് പറഞ്ഞിട്ടുള്ളിടത്ത് പഠിതാക്കളോട് പുസ്തകം വായിക്കാൻ ആവശ്യപ്പെടുകയും വായനക്കുശേഷം ഒന്നോ രണ്ടോ ചോദ്യങ്ങളിലൂടെ വായിച്ച കാര്യങ്ങൾ ബോധ്യപ്പെടുത്തുകയുമാണ് വേണ്ടത്.

സ്വാഗതം

സെഷൻ – 1

പ്രാദേശിക ഭരണസംവിധാനം

നഗരഭരണ ചരിത്രം – സ്വാതന്ത്ര്യത്തിന് മുമ്പ്

- 1.11.1866 – തലശ്ശേരി, പോർട്ട് കൊച്ചി നഗരസഭകൾ
- 3.7.1866 – പാലക്കാട് നഗരസഭ
- 1896 – എറണാകുളം ടൗൺ
- 1920 – തിരുവനന്തപുരം മുനിസിപ്പാലിറ്റി
- 1940 – തിരുവനന്തപുരം കോർപ്പറേഷൻ

നഗരഭരണ നിയമങ്ങൾ

- 1960-ലെ കേരള മുനിസിപ്പാലിറ്റ് ആക്ട്
- 1961-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ആക്ട്
- 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്
- 1999-ലെ നിയമഭേദഗതികൾ

74-ാം ഭരണഘടന ഭേദഗതി സവിശേഷതകൾ

- പ്രാദേശിക സർക്കാർ 12-ാം പട്ടിക (ചുമതലാ വിഷയങ്ങൾ)
- അഞ്ചു വർഷത്തിലൊരിക്കൽ തെരഞ്ഞെടുപ്പ്
- വനിതകൾക്ക് മൂന്നിലൊന്ന് സംവരണം (കേരളത്തിൽ 2010 മുതൽ 50%)
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി സംവരണം.
- വാർഡ് സഭകൾ/വാർഡ് കമ്മിറ്റികൾ
- പദ്ധതി തയ്യാറാക്കാം നടപ്പിലാക്കാം
- ജില്ലാ ആസൂത്രണ സമിതികൾ
- സംസ്ഥാന ധനകാര്യ കമ്മീഷൻ
- സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ

- അധികാരം ജനങ്ങൾക്ക് **(Power to the people)**
- പങ്കാളിത്ത ജനാധിപത്യം **(Participatory Democracy)**
- പ്രതികരണാത്മക ഭരണം **(Responsive Governance)**
- അറിയാനുള്ള അവകാശം **(Right to Information)**
- സുതാര്യത **(Transparency)**

അടിസ്ഥാന തത്വങ്ങൾ .... തുടർച്ച

- ഉത്തരവാദിത്വം **(Accountability_)**
- കീഴ്തല മൂൻഗണന **(Subsidiarity)**
- പരസ്പരപൂരകത **(Complementarity)**
- സംയോജനം **(Covergence)**
- നിയമവാഴ്ചക്ക് വിധേയം **(Rule of Law)**

അധികാരവികേന്ദ്രീകരണം – പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- അധികാരം ജനങ്ങൾക്ക് ലഭിക്കുന്നു.
- ഭരണം വേഗത്തിൽ
- കാര്യക്ഷമതയുള്ള ഭരണം
- ജനകീയ പ്രശ്നങ്ങൾക്ക് വേഗത്തിൽ പരിഹാരം
- സുതാര്യത
- വർദ്ധിച്ച ജനപങ്കാളിത്തം
- സാമൂഹ്യനീതി
- ഉയർന്ന സ്ത്രീ പങ്കാളിത്തം

നഗരഭരണ സംവിധാനം



സ്ഥാപനങ്ങൾ, ഉദ്യോസസ്ഥർ

വികസന മേഖല	സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ
കൃഷി വകുപ്പ്	1. കൃഷി ഭവൻ 2. ഒരു കൃഷി ഡെപ്യൂട്ടി ഡയറക്ടർ
മൃഗ സംരക്ഷണം	വെറ്റിനറി പോളിക്ലിനിക്ക്, സബ് സെന്റർ, ഡിസ്പെൻസറി
മത്സ്യബന്ധനം	ഫിഷറീസ് സബ് ഇൻസ്പെക്ടർ (ആവശ്യമുള്ള സ്ഥലത്തുമാത്രം)
വ്യവസായം	ഇൻഡുസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

സ്ഥാപനങ്ങൾ, ഉദ്യോസസ്ഥർ..തുടർച്ച

സാമൂഹ്യക്ഷേമം	ഡെകെയർ സെന്ററുകൾ, അങ്കണവാടികൾ ഐ.സി.ഡി.എസ്. സൂപ്പർവൈസറി സി.ഡി.പി.ഒ.
ആരോഗ്യം	സി.എച്.സി., പി.എച്.സി., ഗവ. താലൂക്ക് ആശുപത്രി
ആയുർവേദം	താലൂക്ക് ആശുപത്രികൾ, ഡിസ്പെൻസറികൾ
പൊതുവിദ്യാഭ്യാസം	ഹയർസെക്കന്ററി സ്ക്കൂളുകൾ, വി.എച്.സി. സ്ക്കൂളുകൾ
സഹകരണം	ഒരു സീനിയർ സഹകരണ ഇൻസ്പെക്ടർ

അധികാരങ്ങൾ, ചുമതലകൾ, ഉത്തരവാദിത്തങ്ങൾ

I. ഭരണഘടനാ പ്രകാരമുള്ള ചുമതലകൾ - 12-ാം പട്ടിക - 18 ചുമതലകൾ

II. മുനിസിപ്പാലിറ്റി നിയമപ്രകാരമുള്ള വകുപ്പ് 30, ഒന്നാം പട്ടിക
(എ) അനിവാര്യ ചുമതലകൾ - 30 എണ്ണം
(ബി) പൊതുവായ ചുമതലകൾ - 14 എണ്ണം
(സി) മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ
19 വിഷയമേഖലകളിൽ 106 എണ്ണം.

മറ്റ് അധികാരങ്ങൾ, ചുമതലകൾ

- പദ്ധതി രൂപീകരണം, നിർവ്വഹണം
- ഘടക സ്ഥാപന മാനേജ്മെന്റ്
- ഉദ്യോഗസ്ഥ മേൽനോട്ടം, നിയന്ത്രണം
- ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്.

സെഷൻ – 2

1. വിഷയം: **നഗരഭരണവും കമ്മിറ്റി സംവിധാനങ്ങളും**
2. **ലക്ഷ്യം:**
   (1) കമ്മിറ്റി സംവിധാനത്തിന്റെ പ്രസക്തി, ആവശ്യകത, പ്രാധാന്യം, എന്നിവ വിവരിക്കാൻ കഴിയുക.
   (2) മുനിസിപ്പാലിറ്റി നിയമം അനുസരിച്ച് നഗരസഭകളിൽ രൂപീകരിക്കേണ്ട പ്രധാന കമ്മിറ്റികൾ ഏതെല്ലാമെന്ന് പറയാൻ കഴിയുക.
   (3) നഗരസഭകളിലുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ, സ്റ്റിയറിംഗ് കമ്മിറ്റി, മറ്റു കമ്മിറ്റികൾ എന്നിവയുടെ ഘടന, രൂപീകരണം, ചുമതലകൾ എന്നിവ വിവരിക്കാൻ കഴിയുക.

3. സമയം : 60 മിനിറ്റ്
4. വേദി : പൊതുവേദി
5. ഉള്ളടക്കവും പഠനരീതിയും:

ക്രമ നം	ഉള്ളടക്കം	സമയം	പഠനരീതി	ഉപാധികൾ
1.	നഗരഭരണത്തിൽ കമ്മിറ്റി സംവിധാനത്തിന്റെ പ്രാധാന്യം, പ്രസക്തി	10 മിനിറ്റ്	ചർച്ച, പങ്കാളിത്ത അവതരണം, കുറിപ്പ് – 1	ചാർട്ട് പേപ്പർ – സ്ലൈഡ് 2, 3
2.	വിവിധ കമ്മിറ്റികളും മുനിസിപ്പാലിറ്റി നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളും	5 മിനിറ്റ്	ചർച്ച, കുറിപ്പ് – 2	സ്ലൈഡ് – 4
3.	സ്റ്റാന്റിംഗ് കമ്മിറ്റികൾ – മുനിസിപ്പൽ കൗൺസിൽ	4 മിനിറ്റ്	പേരുകൾ പട്ടികപ്പെടുത്തൽ കുറിപ്പ് – 3	ചാർട്ട് പേപ്പർ, പേന, സ്ലൈഡ്- 5
4.	സ്റ്റാന്റിംഗ് കമ്മിറ്റികൾ – മുനിസിപ്പൽ കോർപ്പറേഷൻ	4 മിനിറ്റ്	പേരുകൾ പട്ടികപ്പെടുത്തൽ കുറിപ്പ് -3	ചാർട്ട് പേപ്പർ, പേന, സ്ലൈഡ് -6
5.	സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ	5 മിനിറ്റ്	കൈപ്പുസ്തകം വായന, കുറിപ്പ് – 4	കൈപ്പുസ്തകം സ്ലൈഡ് – 7
6.	സ്റ്റിയറിംഗ് കമ്മിറ്റി – ഘടന, അംഗങ്ങൾ, ചുമതലകൾ	5 മിനിറ്റ്	ചർച്ച, അവതരണം	സ്ലൈഡ് – 8
7.	വാർഡ്സഭ കമ്മിറ്റി – ഘടന, അംഗങ്ങൾ, ചുമതലകൾ	5 മിനിറ്റ്	ചർച്ച, അവതരണം	സ്ലൈഡ് – 9
8.	വാർഡ് സഭ, വോട്ടർമാരുടെ യോഗം	5 മിനിറ്റ്	ചർച്ച, അവതരണം	സ്ലൈഡ് – 10
9	മറ്റ് കമ്മിറ്റികൾ, സഹായ സംവിധാനങ്ങൾ	7 മിനിറ്റ്	ചർച്ച, അവതരണം	സ്ലൈഡ് – 11
10.	മറ്റ് കമ്മിറ്റികൾ – ജില്ലാ-സംസ്ഥാന തലം	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് 12
11.	സംശയനിവാരണം	5 മിനിറ്റ്	–	–

<u>അവതരണക്കുറിപ്പുകൾ</u>:

(1) നഗരഭരണം കാര്യക്ഷമമായി നടത്തുന്നതിന്, ഭരണഘടനയിൽ തന്നെ പറഞ്ഞിട്ടുള്ള സംവിധാനമാണ് വാർഡ്കമ്മിറ്റി എന്ന കാര്യം പഠിതാക്കളെ ബോധ്യപ്പെടുത്തണം. (Article 243 '(s)'). ഇതേ ആർട്ടിക്കിളിൽ തന്നെ സർക്കാരിന് വേണമെങ്കിൽ മറ്റു കമ്മിറ്റികളും രൂപീകരിക്കാം. (ആർട്ടിക്കിൾ 243 (5)) എന്ന് പറഞ്ഞതിൻ പ്രകാരമാണ് വാർഡ്സഭ രൂപീകരിക്കാൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് (കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 42(എ)). സ്ലൈഡ് 3-ന്റെ

സഹായത്തോടെ കമ്മിറ്റി സംവിധാനത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തികൊടുക്കണം. കൂടാതെ അതിൽ ഉദ്യോഗസ്ഥരുടെ പങ്കും വ്യക്തമാക്കുകയും വേണം.

(2) നഗരഭരണ സ്ഥാപനത്തെ പ്രവർത്തിപ്പിക്കുന്നതിന് മുനിസിപ്പാലിറ്റി ആക്ടിൽ വിഭാവനം ചെയ്ത വിവിധ കമ്മിറ്റികൾ ഏതെന്ന് പങ്കാളികളോട് പാഡിൽ എഴുതുവാൻ പറയുക. എഴുതിയശേഷം രണ്ടോ, മൂന്നോ പേരെ കൊണ്ട് വായിപ്പിക്കുക. അവ ചാർട്ടിൽ രേഖപ്പെടുത്തുക. ശേഷം സ്ലൈഡ് കാണിച്ച് ബോധ്യപ്പെടുത്തുക.

(3) നഗരഭരണ സംവിധാനത്തെ ഫലപ്രദമാക്കുന്നതിനുള്ള സംവിധാനങ്ങളാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്ന് വ്യക്തമാക്കിയ ശേഷം അവ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും എത്രവീതമാണെന്നും അവ ഏതെല്ലാമെന്നും (സെക്ഷൻ 20) - അവയുടെ ക്രമത്തിൽ അവരവരുടെ പാഡിൽ എഴുതാൻ പറയുക. രണ്ടോ, മൂന്നോ പേരെകൊണ്ട് വായിപ്പിക്കുക. പിന്നീട് സ്ലൈഡ് കാണിച്ച് ബോധ്യപ്പെടുത്തുക.

(4) സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലകൾ സൂചിപ്പിച്ചിട്ടുള്ള അദ്ധ്യായം 2-ലെ ബന്ധപ്പെട്ട പേജുകൾ പഠിതാക്കളോട് വായിക്കാൻ ആവശ്യപ്പെടുക. മുഴുവൻ വായിക്കണമെന്നില്ല. കുറച്ച് വായിച്ച ശേഷം ചർച്ചയും ക്രോഡീകരണവും നടത്തുക.

സെഷൻ – 2

നഗരഭരണവും കമ്മിറ്റി സംവിധാനങ്ങളും

കമ്മിറ്റി സംവിധാനം

ഭരണഘടന

- ആർട്ടിക്കിൾ 243 (എസ്സ്)
  - വാർഡ് കമ്മിറ്റികൾ
- മുനിസിപ്പാലിറ്റി ആക്റ്റ്
  - കമ്മിറ്റികൾ, ചുമതലകൾ
- സെക്ഷൻ 20, 21, 22, 23, 37, 42, 42 (എ), 42 (ബി)

കമ്മിറ്റി സംവിധാനം – പ്രസക്തി

- കൂട്ടായ തീരുമാനം
- കൂട്ടായ ഉത്തരവാദിത്തം
- നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നു.
- തീരുമാനങ്ങൾ രേഖപ്പെടുത്തുന്നു.
- നടത്തിപ്പിൽ കൂട്ടായ്മ, പങ്കാളിത്തം
- കമ്മിറ്റി സംവിധാനത്തിൽ ഉദ്യോഗസ്ഥരുടെ പങ്ക്

വിവിധ കമ്മിറ്റികൾ

- സ്റ്റാന്റിംഗ് കമ്മിറ്റികൾ (സെക്ഷൻ – 20)
- സ്റ്റിയറിംഗ് കമ്മിറ്റി (സെക്ഷൻ – 23)
- വാർഡ് കമ്മിറ്റി (സെക്ഷൻ – 42)
- വാർഡ് സഭ (സെക്ഷൻ – 42 എ)
- വോട്ടർമാരുടെ യോഗം (സെക്ഷൻ – 42 ബി)
- ജോയിന്റ് കമ്മിറ്റി (സെക്ഷൻ – 37)

സ്റ്റാന്റിംഗ് കമ്മിറ്റികൾ – മുനിസിപ്പാലിറ്റി

1. ധനകാര്യം
2. വികസന കാര്യം
3. ക്ഷേമകാര്യം
4. ആരോഗ്യകാര്യം
5. മരാമത്ത് കാര്യം
6. വിദ്യാഭ്യാസ, കലാ കായിക കാര്യം

സ്റ്റാന്റിംഗ് കമ്മിറ്റികൾ – മുനിസിപ്പൽ കോർപ്പറേഷൻ (വകുപ്പ് 20)

1. ധനകാര്യം
2. വികസന കാര്യം
3. ക്ഷേമകാര്യം
4. ആരോഗ്യകാര്യം
5. മരാമത്ത് കാര്യം
6. നഗരാസൂത്രണകാര്യം
7. നികുതി അപ്പീൽകാര്യം
8. വിദ്യാഭ്യാസ- കായികകാര്യം

സ്റ്റാന്റിംഗ് കമ്മിറ്റി - ചുമതലകൾ (വകുപ്പ് 22) കൈപ്പുസ്തകം വായിക്കാം

സ്റ്റിയറിംഗ് കമ്മിറ്റി (വ. 23)

- അംഗങ്ങൾ
- ചുമതലകൾ
  - (1) സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തന ഏകോപനം
  - (2) കൗൺസിൽ ചുമതലപ്പെടുത്തുന്ന മറ്റു കാര്യങ്ങൾ
  - (3) പ്രവർത്തനരഹിതമായ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല നിർവ്വഹിക്കൽ (വ. 28(3)

വാർഡ് കമ്മിറ്റി

ഭരണഘടന, ആർട്ടിക്കിൾ 243 (എസ്സ്) കെ.എം. ആക്റ്റ്, സെക്ഷൻ 42, 95 ലെ വാർഡ് കമ്മിറ്റി ചട്ടം (ഘടന, അംഗങ്ങൾ)

ചെയർമാൻ - കൗൺസിലർ

അംഗങ്ങൾ -

- റസിഡന്റ്സ് അസ്സോസിയേഷൻ പ്രതിനിധികൾ (15 പേർ)
- അയൽക്കൂട്ടം പ്രതിനിധികൾ (20 പേർ)
- രാഷ്ട്രീയപാർട്ടി പ്രതിനിധികൾ
- വിദ്യാഭ്യാസസ്ഥാപന മേധാവികൾ
- ചെയർപേഴ്സണും കൗൺസിലറും കൂടി നിർദ്ദേശിക്കുന്ന 20 പേർ

➢ വാർഡ് കമ്മിറ്റിയുടെ യോഗം (വ.44)
➢ വാർഡ് കമ്മിറ്റിയുടെ ചുമതലകൾ (വ. 45)
➢ വാർഡ് കമ്മിറ്റിയുടെ അവകാശങ്ങൾ (വ. 46)

- **വാർഡ് സഭ**

സെക്ഷൻ 42 (എ)

- രൂപീകരണം, യോഗം, കാഠം, അധികാരങ്ങൾ, ചുമതലകൾ (വ.45), അവകാശങ്ങൾ (വ. 46)

➢ **വോട്ടർമാരുടെ യോഗം**

സെക്ഷൻ 42 (ബി)

- വികസനപദ്ധതികൾക്ക് നിർദ്ദേശങ്ങൾ നൽകാൻ

മറ്റ് കമ്മിറ്റികൾ, സഹായസംവിധാനങ്ങൾ

- **ജോയിന്റ് കമ്മിറ്റി - (സെക്ഷൻ-37)**
- **വാർഡ്സഭ സബ്കമ്മിറ്റി (സെക്ഷൻ-42 എ)**
- **ആശുപത്രി മാനേജിംഗ് കമ്മിറ്റി (സെക്ഷൻ 30 എ)**
- **തദ്ദേശഭരണസ്ഥാപനതല ആസൂത്രണ സമിതി (പദ്ധതി ആസൂത്രണ മാർഗരേഖ)**
- **വർക്കിംഗ് ഗ്രൂപ്പുകൾ**

മറ്റ് കമ്മിറ്റികൾ-ജില്ലാ സംസ്ഥാനതലം

➢ **ജില്ല ആസൂത്രണ സമിതി**
  - ഭരണഘടന- ആർട്ടിക്കിൾ 243 (**ZD**)
  - മുനിസിപ്പാലിറ്റി നിയമം (വകുപ്പ് 53)

➢ **സംസ്ഥാന വികസന കൗൺസിലിൽ**
  - മുനിസിപ്പാലിറ്റി നിയമം (വകുപ്പ് 55)

സെഷൻ – 3

1. വിഷയം: **ഉദ്യോഗസ്ഥ സംവിധാനവും ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും**

2. ലക്ഷ്യം:
   (1) നഗരസഭാ ഉദ്യോഗസ്ഥ സംവിധാനത്തെക്കുറിച്ച് വിശദീകരിക്കാൻ കഴിയുക.
   (2) സെക്രട്ടറിയുടെയും മറ്റ് ഉദ്യോഗസ്ഥരുടേയും ചുമതലകൾ, അവകാശങ്ങൾ, കർത്തവ്യങ്ങൾ എന്നിവ പട്ടികപ്പെടുത്താൻ കഴിയുക.
   (3) ഉദ്യോഗസ്ഥന്മാരുടെ മേൽ നഗരസഭയ്ക്കുള്ള നിയന്ത്രണാധികാരത്തെപ്പറ്റി വിവരിക്കാൻ കഴിയുക.
   (4) ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തമ്മിലുള്ള മെച്ചപ്പെട്ട ബന്ധത്തിന്റെ പ്രാധാന്യം വിശദീകരിക്കാൻ കഴിയുക.

3. സമയം : 60 മിനിറ്റ്

4. വേദി : പൊതുവേദി

5. ഉള്ളടക്കവും പഠനരീതിയും:

ക്രമനം	ഉള്ളടക്കം	സമയം	പഠനരീതി	ഉപാധികൾ
1.	നഗരസഭകളിലെ ഉദ്യോഗസ്ഥ സംവിധാനം – നഗരസഭാ ഓഫീസ്, കൈമാറികിട്ടിയ സ്ഥാപനങ്ങൾ	5 മിനിറ്റ്	ബ്രെയിൻ സ്റ്റോമിംഗ്	ചാർട്ട് പേപ്പർ – സ്ലൈഡ് – 2
2.	വിവിധ വിഭാഗം ഉദ്യോഗസ്ഥർ – സെക്രട്ടറി, പൊതു മുനിസിപ്പൽ സർവ്വീസ് ജീവനക്കാർ, കൈമാറികിട്ടിയ ജീവനക്കാർ, എഞ്ചിനീയറിംഗ് വിഭാഗം	5 മിനിറ്റ്	ചർച്ച, പങ്കാളിത്ത അവതരണം	സ്ലൈഡ് – 3
3.	സെക്രട്ടറിയുടെ ചുമതലകളും കർത്തവ്യങ്ങളും	10 മിനിറ്റ്	കൈപ്പുസ്തകം വായന കുറിപ്പ് – 1	കൈപ്പുസ്തകം സ്ലൈഡ് – 4, 5, 6
4.	ജീവനക്കാരുടെ ചുമതലകൾ, കർത്തവ്യങ്ങൾ	10 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 7
5.	കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും നഗരസഭയും	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 8, 9
6.	ഉദ്യോഗസ്ഥരുടെ മേലുള്ള നഗരസഭയുടെ നിയന്ത്രണാധികാരം	10 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 10
7.	ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തമ്മിലുള്ള ബന്ധം	10 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 11, 12
8.	സംശയനിവാരണം	5 മിനിറ്റ്	–	–

കുറിപ്പ് – 1 : സെക്രട്ടറിയെ സംബന്ധിച്ചുള്ളതും സെക്രട്ടറിയുടെ ചുമതലകൾ, അവകാശങ്ങൾ, കർത്തവ്യങ്ങൾ സംബന്ധിച്ചുള്ളതുമായ കാര്യങ്ങൾ കൊടുത്തിട്ടുള്ള കൈപ്പുസ്തകത്തിലെ ബന്ധപ്പെട്ട പേജുകൾ വായിക്കാൻ നിർദ്ദേശിക്കുക. തുടർന്ന് ചോദ്യങ്ങളിലൂടെ ഈ ഭാഗം പൂർത്തിയാക്കുക. (വായനക്ക് 6 മിനിറ്റ്, ചോദ്യോത്തരത്തിന് 4 മിനിറ്റ്)

സെഷൻ – 3

ഉദ്യോഗസ്ഥ സംവിധാനവും ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും

സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും

1. നഗരസഭാ കാര്യാലയത്തിലെ ഉദ്യോഗസ്ഥർ – ആരെല്ലാം? ചുമതലകൾ?
2. കൈമാറികിട്ടിയ സ്ഥാനപങ്ങൾ ഉദ്യോഗസ്ഥർ ആരെല്ലാം? ചുമതലകൾ?

നഗരസഭയിലെ ഉദ്യോഗസ്ഥർ

- സെക്രട്ടറി (വകുപ്പ് 48, 49, 50)
- പൊതു മുനിസിപ്പൽ സർവ്വീസ് (വ.222)
- സേവനം വിട്ടുകൊടുത്തവർ (വ. 52(2), 227)
- എഞ്ചിനീയറിംഗ് വിഭാഗം

സെക്രട്ടറിയുടെ ചുമതല (വ. 49)

- അഭിപ്രായം രേഖപ്പെടുത്തൽ/നിയമോപദേശം നൽകൽ
- തീരുമാനം നടപ്പാക്കൽ
- പുനരവലോകനം ആവശ്യപ്പെടൽ
- സർക്കാരിലേക്ക് റഫർ ചെയ്യൽ
- നടപ്പാക്കിയ കാര്യങ്ങൾ റിപ്പോർട്ട് ചെയ്യൽ

സെക്രട്ടറിയുടെ ചുമതല... തുടർച്ച

- ചെയർപേഴ്സന്റെ നിയമാനുസൃത നിർദ്ദേശങ്ങൾ നടപ്പാക്കൽ
- ആക്റ്റ് പ്രകാരമുള്ള അധികാരം വിനിയോഗിക്കൽ/കർത്തവ്യങ്ങൾ നിർവ്വഹിക്കൽ
- ചെലവ് ചെയ്യൽ
- കണക്കുകളും രേഖകളും സൂക്ഷിക്കൽ
- സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കൽ
- വ്യവഹാരം നടത്തൽ

സെക്രട്ടറിയുടെ കർത്തവ്യങ്ങൾ (വ. 50)

- യോഗത്തിൽ പങ്കെടുക്കൽ, ഉപദേശം നൽകൽ
- ചുമതലകൾ ഏല്പിച്ചുകൊടുക്കൽ
- വിവരങ്ങൾ ലഭ്യമാക്കൽ
- നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകൽ
- ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടി എടുക്കൽ

നഗരസഭകാര്യാലയത്തിലെ ഉദ്യോഗസ്ഥരുടെ ചുമതലകൾ/കർത്തവ്യങ്ങൾ

- സെക്രട്ടറി ഏല്പിച്ചുകൊടുത്ത ചുമതലകൾ നിർവ്വഹിക്കൽ വകുപ്പ് 50 (2)
- നഗരസഭയുടെ നിയമാനുസൃത തീരുമാനങ്ങൾ നടപ്പാക്കൽ
- തീരുമാനങ്ങൾ കൈകൊള്ളുനതിന് സഹായകരമായ കുറിപ്പ് തയ്യാറാക്കൽ
- വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ പങ്കെടുക്കൽ വിവരം നൽകൽ
- വാർഡ്സഭ/വാർഡ് കമ്മിറ്റി കോ-ഓർഡനേറ്ററായി പ്രവർത്തിക്കൽ

കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ചുമതലകൾ

- യോഗത്തിൽ പങ്കെടുക്കൽ, അജണ്ട കുറിപ്പ് തയ്യാറാക്കി നൽകൽ
- വർക്കിംഗ് ഗ്രൂപ്പ് കൺവീനർ എന്ന ചുമതല നിർവ്വഹിക്കൽ
- ബജറ്റ് പ്രൊപ്പോസൽ നൽകൽ
- പദ്ധതി നിർവ്വഹണം
- കണക്കുകൾ, റിപ്പോർട്ടുകൾ എന്നിവ നഗസഭക്ക് നൽകൽ

കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും നഗരസഭയും

- മുനിസിപ്പാലിറ്റിക്ക് ഏല്പിച്ച ചുമതലകൾ നിർവ്വഹിക്കൽ
- പദ്ധതികളും പ്രോജക്ടുകളും നടപ്പിലാക്കാൻ മുനിസിപ്പാലിറ്റി ജീവനക്കാർ ആയിരുന്നാലെന്ന പോലെ ചുമതല നിർവ്വഹിക്കണം.
- സാധാരണ ചുമതലകൾക്ക് പുറമെ മുനിസിപ്പാലിറ്റി ഏല്പിക്കുന്ന ചുമതലകൾ നിറവേറ്റണം
- മുനിസിപ്പാലിറിയുടെ മേലന്വേഷണത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കണം.
- അച്ചടക്ക നടപടി സ്വീകരിക്കാൻ മുനിസിപ്പാലിറ്റികൾക്ക് അധികാരമുണ്ട്

ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണം

2011-ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ

- ലഘു ശിക്ഷകൾ ചുമത്തൽ
- കുറ്റാരോപണ മെമ്മോ
- സസ്പെൻഷൻ
- അപ്പീൽ പുന:പരിശോധന
- കടുത്ത ശിക്ഷകൾ ചുമത്താൻ ആവശ്യപ്പെടൽ
- ആകസ്മിക അവധി

ജനപ്രതിനിധി ഉദ്യോഗസ്ഥ ബന്ധം

ഉദ്യോഗസ്ഥരുടെ തൊഴിൽപരമായ സ്വാതന്ത്ര്യം, നിയമപരമായ അവകാശങ്ങൾ എന്നിവ സംരക്ഷിക്കണം.

- നിയമവ്യവസ്ഥകൾ
- വകുപ്പ് 229 എ
- 2005-ലെ തിരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധം ചട്ടങ്ങൾ

ജനപ്രതിനിധി - ഉദ്യോഗസ്ഥ ബന്ധം ...തുടർച്ച

- സൗഹാർദ്ദപരമായ സഹവർത്തിത്വം
- രേഖാമൂലം നൽകുന്ന നിയമാനുസൃത നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർ പാലിക്കണം.
- വാക്കാൽ നൽകുന്ന നിർദ്ദേശങ്ങൾ രേഖാമൂലം സ്ഥിരീകരിച്ച ശേഷം മാത്രമേ സമർപ്പിക്കാവൂ.
- ഉദ്യോഗസ്ഥർക്കുമേൽ ജനപ്രതിനിധികൾ അവിഹിത ഇടപെടൽ നടത്താതിരിക്കണം.
- സ്റ്റാറ്റ്യൂട്ടറി ചുമതലകളിൽ ജനപ്രതിനിധികൾ ഇടപെടരുത്.
- ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും യോഗ മിനുട്ട്സിൽ രേഖപ്പെടുത്തണം.
- പരസ്പരം മാന്യത പുലർത്തണം.

സെഷൻ – 4

1. വിഷയം: **കൗൺസിലിന്റേയും സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും യോഗനടപടിക്രമം**

2. ലക്ഷ്യങ്ങൾ:
   1) പരിശീലനാർത്ഥികൾക്ക് കൗൺസിൽ യോഗനടപടി ക്രമം വിശദീകരിക്കാൻ കഴിയുക.
   2) വിവിധതരം യോഗങ്ങൾ എന്തെല്ലാമെന്ന് പറയാൻ കഴിയുക.
   3) സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗനടപടിക്രമങ്ങൾ വിശദീകരിക്കാൻ കഴിയുക.
   4) സകർമ്മ സോഫ്റ്റ്വെയറിന്റെ പ്രാധാന്യം പറയാൻ കഴിയുക.
   5) യോഗങ്ങൾ ചിട്ടപ്പെടുത്തുന്നതിൽ ഉദ്യോഗസ്ഥർക്കുള്ള പങ്ക് വിശദീകരിക്കാൻ കഴിയുക.

3. സമയം : 60 മിനിറ്റ്
4. വേദി : പൊതുവേദി
5. ഉള്ളടക്കവും പഠനരീതിയും:

ക്രമ നം	ഉള്ളടക്കം	സമയം	പഠനരീതി	ഉപാധികൾ
1.	കൗൺസിൽ യോഗം	10 മിനിറ്റ്	വീഡിയോ പ്രദർശനം, തുടർന്ന് പഠിതാക്കളുടെ പ്രതികരണം, ചർച്ച, ക്രോഡീകരണം.	വീഡിയോ – 1 സ്ലൈഡ് – 2, 3
2.	യോഗ തീരുമാനം – പൊതുവ്യവസ്ഥകൾ	8 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 4, 5
3.	യോഗനോട്ടീസ്, അജണ്ട, അജണ്ടാ കുറിപ്പുകൾ, തിയ്യതി, സമയം, യോഗം വിളിക്കൽ	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 6
4.	അദ്ധ്യക്ഷത വഹിക്കൽ, ക്വാറം, തീരുമാനമെടുക്കൽ, വോട്ടിംഗ്, ഭിന്നാഭിപ്രായം.	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 7, 8
5.	ചോദ്യങ്ങൾ, പ്രമേയങ്ങൾ, പ്രസംഗിക്കൽ	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 9, 10
6.	മിനിട്ട്സ് എഴുതൽ	4 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 11
7.	യോഗ ഇനങ്ങളുടെ ക്രമം	2 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 12
8.	വിവിധതരം യോഗങ്ങൾ	3 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 13
9.	സ്റ്റാന്റിംഗ് കമ്മിറ്റി യോഗ നടപടിക്രമം	5 മിനിറ്റ്	കൈപ്പുസ്തകം വായന (പഠിതാക്കൾ), കുറിപ്പ് – 1	കൈപ്പുസ്തകം സ്ലൈഡ് – 14
10.	സകർമ്മ സോഫ്ട്വെയർ	3 മിനിറ്റ്	അവതരണം	സ്ലൈഡ് – 15
11.	യോഗങ്ങൾ – ഉദ്യോഗസ്ഥരുടെ പങ്ക്	5 മിനിറ്റ്	ചർച്ച	സ്ലൈഡ് – 16
8.	സംശയനിവാരണം	5 മിനിറ്റ്	–	–

കുറിപ്പ് – 1 : കൈപ്പുസ്തകത്തിലെ 4-ാം അദ്ധ്യായത്തിലെ ഖണ്ഡിക 4.2-ൽ കൊടുത്തിട്ടുള്ള പോയിന്റുകൾ രണ്ടോ മൂന്നോ പഠിതാക്കളോടായി ഉറക്കെ വായിക്കാൻ പറയുക. വായനക്കുശേഷം ആവശ്യമായ ലഘുവിശദീകരണം നൽകി സ്റ്റാന്റിംഗ് കമ്മിറ്റി യോഗ നടപടിക്രമങ്ങളെക്കുറിച്ച് ധാരണ വരുത്തുക.

സെഷൻ - 4

കൗൺസിലിന്റേയും സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും യോഗനടപടിക്രമം

ഒരു യോഗം കാണാം

(വീഡിയോ)

പ്രതികരണം

കൗൺസിൽ സംബന്ധിച്ച വീഡിയോ ദൃശ്യങ്ങൾ കണ്ട ശേഷമുള്ള പ്രതികരണങ്ങൾ

കൗൺസിൽ യോഗം -ചട്ടങ്ങൾ

- കൗൺസിൽ യോഗനടപടിക്രമങ്ങൾ
- 1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടി ക്രമം) ചട്ടങ്ങൾ

പൊതു വ്യവസ്ഥകൾ

- ഭരണപരവും വികസനപരവും നയപരവുമായ കാര്യങ്ങൾ കൗൺസിൽ യോഗത്തിൽ തീരുമാനിക്കുന്നു.
- തീരുമാനം നിയമാനുസൃതമാകണം
- നഗരസഭയുടെ ചുമതലയിൽപ്പെടുന്ന കാര്യങ്ങളിൽ മാത്രമേ തീരുമാനമെടുക്കാവൂ.

പൊതുവ്യവസ്ഥകൾ (തുടർച്ച)

- യോഗ നോട്ടീസ് - 3 പൂർണ്ണ ദിവസം
- അജണ്ട - തയ്യാറാക്കൽ, ഉള്ളടക്കം
- അജണ്ടാ കുറിപ്പുകൾ - പരസ്യപ്പെടുത്തൽ
- തിയ്യതി, സമയം
- യോഗം വിളിക്കൽ

കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കൽ

- ചെയർപേഴ്സൺ
- ഡെപ്യൂട്ടി ചെയർപേഴ്സൺ
- സ്റ്റാന്റിംഗ് കമ്മിറ്റികൾ - ചെയർപേഴ്സൺമാർ
- കൗൺസിലർമാർ

അദ്ധ്യക്ഷന്റെ ചുമതലകൾ

കോറം, വോട്ടിംഗ്

- കോറം - 1/3
- തീരുമാനമെടുക്കൽ
- വോട്ടിംഗ്
- കാസ്റ്റിംഗ് വോട്ട്
- ഭിന്നാഭിപ്രായം, വിയോജനകുറിപ്പ്

ചോദ്യങ്ങൾ, പ്രമേയങ്ങൾ

- ചോദ്യം ചോദിക്കൽ -
  - 7 ദിവസം മുമ്പ്
  - രണ്ട് ചോദ്യങ്ങൾ
  - മറുപടി തയ്യാറാക്കൽ
  - ഉപചോദ്യം
- പ്രമേയങ്ങൾ
  - 7 ദിവസം മുമ്പ്
  - ഒരു പ്രമേയം
  - പിൻവലിക്കൽ

പ്രസംഗം, ക്രമ പ്രശ്നം

പ്രസംഗിക്കൽ - വ്യവസ്ഥകൾ

ക്രമപ്രശ്നം - സന്ദർഭങ്ങൾ

സമയം-

ചർച്ച പാടില്ല-

അദ്ധ്യക്ഷന്റെ അധികാരം

മിനുട്സ്

മിനുട്സ് - കരട് തയ്യാറാക്കൽ -

ചെയർപേഴ്സന്റെ അംഗീകാരം -

മിനുട്സ് ബുക്കിൽ രേഖപ്പെടുത്തൽ

പ്രസിദ്ധീകരിക്കൽ

ബന്ധപ്പെട്ടവർക്ക് നൽകൽ

യോഗ ഇനങ്ങളുടെ ക്രമം

1. ചോദ്യോത്തരങ്ങൾ
2. അജണ്ടാ ഇനങ്ങളിൽ ക്രമമായി തീരുമാനം എടുക്കൽ
3. പ്രമേയങ്ങൾ

വിവിധ തരം യോഗങ്ങൾ

1. സാധാരണ യോഗം
2. അടിയന്തിര സാഹചര്യത്തിൽ ചേരുന്ന യോഗം
3. പ്രത്യേക യോഗം
4. തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം ചേരുന്ന യോഗം

സ്റ്റാന്റിംഗ് കമ്മിറ്റി യോഗനടപടി ക്രമം

കേരള മുനിസിപ്പാലിറ്റി
(സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ, 2000)
ചട്ടങ്ങൾ 16 മുതൽ 20 വരെ

നമുക്ക് വായിക്കാം

സകർമ്മ സോഫ്റ്റ്വെയർ

- സുതാര്യത
- കാര്യക്ഷമത
- ചിട്ട
- നടപടിക്രമങ്ങൾ

യോഗങ്ങൾ കാര്യക്ഷമമാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ പങ്ക്

എങ്ങനെ? എന്തെല്ലാം?

നന്ദി

സെഷൻ – 5

1. വിഷയം: **വിഭവസ്രോതസ്സുകളും വിഭവമാനേജ്മെന്റും**

2. ലക്ഷ്യങ്ങൾ:
   (1) നഗരസഭയുടെ വരുമാനസ്രോതസ്സുകൾ ഏതൊക്കെയെന്ന് പട്ടികപ്പെടുത്താൻ കഴിയുക.
   (2) നഗരസഭയുടെ വിവിധ നികുതികളും ഫീസുകളും സംബന്ധിച്ച് നിയമ വ്യവസ്ഥകൾ വിവരിക്കാൻ കഴിയുന്നു.
   (3) നഗരസഭയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കേണ്ടതിന്റെ പ്രാധാന്യം വിശദീകരിക്കാൻ കഴിയുക.
   (4) വിഭവമാനേജ്മെന്റിൽ പാലിക്കേണ്ട തത്വങ്ങൾ വിശദീകരിക്കാൻ കഴിയുക.

3. സമയം : 60 മിനിറ്റ്

4. വേദി : പൊതുവേദി

5. ഉള്ളടക്കവും പഠനരീതിയും:

ക്രമനം	ഉള്ളടക്കം	സമയം	പഠനരീതി	ഉപാധികൾ
1.	വിഭവസ്രോതസ്സുകൾ ഏതെല്ലാം?	3 മിനിറ്റ്	ബ്രെയിൻസ്റ്റോമിംഗ്, കുറിപ്പ്-1	ചാർട്ട്പേപ്പർ, പേന സ്ലൈഡ് -1
2.	തനത് വരുമാന സ്രോതസ്സുകൾ	2 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് - 2
3.	വിവിധ ഇനം നികുതികൾ	3 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് - 3,4
4.	നികുതി സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകൾ	2 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് - 5
5.	വിവിധ നികുതികളും പ്രധാന നിബന്ധനകളും	20 മിനിറ്റ്	സ്ലൈഡ് വായന, ചർച്ച, ക്രോഡീകരണം	സ്ലൈഡ് - 6-17
6.	നികുതിയിതര വരുമാനങ്ങൾ	15 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് - 18-23
7.	വിഭവമാനേജ്മെന്റ്	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് - 24
8.	ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ	5 മിനിറ്റ്	കുറിപ്പെഴുതൽ കുറിപ്പ് - 2	സ്ലൈഡ് - 25
9.	സംശയനിവാരണം	5 മിനിറ്റ്	-	-

കുറിപ്പ് - 1 : നഗരസഭയുടെ വരുമാനസ്രതസ്സുകൾ ഏതൊക്കെയെന്ന് പരിശീലന പങ്കോളികളോട് ചോദിച്ച് ചാർട്ട് പേപ്പറിൽ എഴുതി സെഷൻ തുടങ്ങാം.

കുറിപ്പ് - 2 : സമ്പൂർണ്ണ വിഭമസാഹരണത്തിനായി ഉദ്യോഗസ്ഥരെന്ന നിലയിൽ ചെയ്യാവുന്ന ഓരോ കാര്യവും നമ്പറിട്ട് പേപ്പറിൽ എഴുതാൻ പരിശീലന പങ്കാളികളോട് നിർദ്ദേശിക്കുക. രണ്ടോ മൂന്നോ പേരോട് അവതരിപ്പിക്കാൻ ആവശ്യപ്പെടുക. തുടർന്ന് ചർച്ചയും ക്രോഡീകരണവും നടത്തുക.

സെഷൻ - 5

വിഭവസ്രോതസ്സുകളും വിഭവമാനേജ്മെന്റും

തനതു വരുമാനം

എ) നികുതി വരുമാനം

ബി) നികുതി ഇതര വരുമാനം

വിവിധ ഇനം നികുതികൾ (വ. 230)

എ. വസ്തു നികുതി
ബി. തൊഴിൽ നികുതി
സി. മൃഗങ്ങൾക്കും യാനപാത്രങ്ങൾക്കുമുള്ള നികുതി
ഡി. പ്രദർശന നികുതി
ഇ. പരസ്യ നികുതി
എഫ്. തടി നികുതി
ജി. വസ്തു കൈമാറ്റത്തിന്മേലുള്ള കരം

വിവിധം ഇനം നികുതികൾ (തുടർച്ച...)

- വിനോദ നികുതി (പ്രത്യേക നിയമം)
- നഗരസഭ നല്കുന്ന പ്രത്യേക സേവനങ്ങൾക്ക് സേവന ഉപനികുതിയോ സർചാർജോ ഈടാക്കാം
- സർചാർജ് നികുതിയുടെ 50% കവിയരുത് (വ.230(2)
- ഭൂപരിവർത്തന ഉപനികുതി വ. 230(3)

നികുതി സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ

- നികുതി ചുമത്തുന്നതിന് കൗൺസിൽ പ്രമേയം (വ. 231)
- കരട് പ്രസിദ്ധീകരണം, പരാതി കേൾക്കൽ, അന്തിമ വിജ്ഞാപനം
- 1998ലെ കേരള മുനിസിപ്പാലിറ്റി (പുതിയ നികുതികളെ സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധപ്പെടുത്തൽ) ചട്ടങ്ങൾ
- നിലവിലുള്ള നികുതി ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ സർക്കാർ അംഗീകാരം വേണം

വസ്തു നികുതി (വ. 233)

- നഗരസഭാ പ്രദേശത്തുള്ള എല്ലാ കെട്ടിടങ്ങൾക്കും അവയുടെ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി
- വ. 235 പ്രകാരം ചില കെട്ടിടങ്ങൾക്ക് നികുതി ഒഴിവ്
- 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ (സ.ഉ.(അ) നം. 18/2011 /തസ്വഭവ/14.01.2011)
- 2013-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ഭേദഗതി ചട്ടങ്ങൾ (സ.ഉ.(അ)നം 100/2013/തസ്വഭവ/15.03.2013)

സ്പഷ്ടീകരണം/ഭേദഗതി

- **GO(ms) No. 371/2013/LSGD dated 02.12.2013**
- **GO(ms) No. 33/2015/LSGD dated 18.02.2015**
- **GO(ms) N0. 144/2015/LSGD dated 27.04.2015**

തൊഴിൽ നികുതി (വ. 245)

- ഏതൊരു വ്യക്തിയും സ്ഥാപനവും ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെയുള്ള സമയം തൊഴിൽ ചെയ്താൽ തൊഴിൽ നികുതി
  - നഗരസഭാ പ്രദേശത്ത് തൊഴിൽ ചെയ്യുക
  - നഗരസഭക്ക് വെളിയിൽ തൊഴിൽ ചെയ്യുക, പക്ഷെ നഗരസഭയ്ക്കകത്ത് താമസം/ഹെഡ് ഓഫീസ്

തൊഴിൽ നികുതി (തുടർച്ച..)

- 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ
- അർദ്ധവാർഷിക വരുമാനം 12,000/-രൂപയിൽ കൂടുതലായാൽ തൊഴിൽ നികുതി നൽകണം
- 120/-രൂപ മുതൽ 1250/-വരെ നികുതി

മൃഗങ്ങൾക്കും യാനപാത്രങ്ങൾക്കുമുള്ള (Vessels) നികുതി (S. 260)

- ചട്ടപ്രകാരം മൃഗങ്ങളെ സൂക്ഷിക്കുന്നതിനും യാനപാത്രങ്ങൾ ഉപയോഗിക്കുന്നതിനും നികുതി ചുമത്തൽ
- 15 ദിവസത്തിൽ കുറവ് സൂക്ഷിപ്പ്/ ഉപയോഗം നികുതി ഇല്ല
- നികുതി നല്കുന്നതിൽ നിന്നും ഒഴിവാക്കൽ (വ. 262)
- ചട്ടങ്ങൾ ഉണ്ടാക്കണം

പ്രദർശന നികുതി (വ. 269)

- കൗൺസിൽ തീരുമാനം
- കുറഞ്ഞ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്
- ഓരോ രണ്ട് വർഷവും നിശ്ചിത ശതമാനം വർദ്ധനവ്
- 1998ലെ കേരള മുനിസിപ്പാലിറ്റി (പ്രദർശന നികുതി ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ

വസ്തു കൈമാറ്റത്തിന്മേലുള്ള കരം (വ. 270)

- നഗര പ്രദേശത്ത് സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവിന്റെ കൈമാറ്റത്തിന് കരം
- കൈമാറ്റം സംബന്ധിച്ച കരത്തിന്റെ വിവരവും ഏതു തുകയിന്മേലാണ് കരം ചുമത്തേണ്ടതെന്നും വിവരിച്ചിട്ടുണ്ട്.
- നിരക്ക് സർക്കാർ നിശ്ചയിക്കണം
- നിലവിൽ ഈ കരത്തിന് പകരം ജനറൽ പർപ്പസ് ഫണ്ട് നൽകുന്നു

പരസ്യ നികുതി (ട. 271)

- നഗരസഭാ പ്രദേശത്തെ എല്ലാ പരസ്യങ്ങൾക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം നിരക്കിന് വിധേയമായി കൗൺസിൽ പരസ്യനികുതി നിരക്ക് തീരുമാനിക്കണം.
- 17.8.2011ലെ ജി.ഒ(പി) നം. 188/2011/ തസ്വഭവ. ഉത്തരവ് പ്രകാരം സർക്കാർ മിനിമം നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.
- ചില പരസ്യങ്ങൾ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (വകുപ്പ് 271.)

പരസ്യ നികുതി (തുടർച്ച..)

- എല്ലാ പരസ്യങ്ങൾക്കും നഗരസഭയിൽ നിന്നും അനുവാദം വേണം.
- പൊതുസ്ഥലത്ത് പരസ്യം സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രത്യേക ചട്ടങ്ങൾ.
- 1999ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും പരസ്യ ബോർഡുകൾ സ്ഥാപിക്കൽ) ചട്ടങ്ങൾ
- മറ്റ് സ്ഥലത്ത് പരസ്യം സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്ക് ഫീസ് (വ. 272)
- പരസ്യ നികുതി പിരിക്കൽ ഒരു വർഷത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് കുത്തകയ്ക്ക് നല്കാം (വ. 276)

തടി നികുതി (വ. 277)

- നഗര പ്രദേശത്ത് കൊണ്ടു വരുന്ന തടിയ്ക്ക് നികുതി
- ടണ്ണിന് 24 രൂപയിൽ കവിയാത്ത തുക കൗൺസിൽ നിശ്ചയിക്കണം
- നികുതി അടയ്ക്കാതിരുന്നാൽ നികുതി തുകയ്ക്ക് അധികരിക്കാത്ത തുക പിഴ.
- നടപടിക്രമം സംബന്ധിച്ച് കൗൺസിലിന് ബൈലോ ഉണ്ടാക്കാം
- തടി നികുതി പിരിക്കൽ ഒരു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്ക് കുത്തകയ്ക്ക് നല്കാം (വ 278)

വിനോദ നികുതി

- കേരള ലോക്കൽ അതോറിറ്റീസ് എന്റർ ടൈൻമെന്റ് ആക്ടും അനുബന്ധ ചട്ടങ്ങളും പ്രകാരം ഈടാക്കുന്നത്.
- മാജിക് പെർഫോർമൻസ് ഒഴികെ ടിക്കറ്റ് വച്ച് നടത്തുന്ന എല്ലാ എന്റർടൈൻമെന്റിനും വ. 2(4)
- 1975 വരെ 24% മുതൽ 48% വരെയുള്ള നിരക്കായിരുന്നു.
- 1975-ലെ ഭേദഗതി പ്രകാരം 15% മുതൽ 30% വരെയുള്ള നിരക്ക് (വ. 3)
- Kerala decentralisation of powers Act, 2000 പ്രകാരം 24% മുതൽ 48% വരെ

ഭൂപരിവർത്തന ഉപനികുതി (വ 230(3))

- 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭൂപരിവർത്തന ഉപനികുതി ചുമത്തലും പിരിക്കലും) ചട്ടങ്ങൾ
- ഒരു ആർ പ്രദേശത്തിന് 75/- രൂപയിൽ കവിയാത്ത തുക
- കൗൺസിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തണം
- 1967ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ഭൂപരിവർത്തനം ചെയ്യുന്നതിന്
- പരിവർത്തനം ചെയ്യുവാൻ കൗൺസിൽ തീരുമാനം.

നികുതി ഇതര വരുമാനങ്ങൾ

നികുതി ഇതര വരുമാനങ്ങൾ

- വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് ഫീസ് (വ. 447, 448)
- കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ, 2011
- പൊതുമാർക്കറ്റുകൾക്കുള്ള ലൈസൻസ് (വ. 458) ഫീസ് കൗൺസിൽ തീരുമാനിക്കാം
- സ്വകാര്യ മാർക്കറ്റുകൾക്കുള്ള ലൈസൻസ് (വ. 460) ഫീസ് നിശ്ചയിച്ചിട്ടുണ്ട് (വ. 461)

നികുതി ഇതര വരുമാനങ്ങൾ (തുടർച്ച..)

- പൊതു വണ്ടിത്താവളങ്ങൾ (വ. 472) ഫീസ് കൗൺസിൽ തീരുമാനിക്കണം
- സ്വകാര്യ വണ്ടിത്താവളങ്ങൾ (വ. 475) പ്രതിവർഷ ലൈസൻസ് ഫീസ് 3,000/-രൂപയിൽ കവിയരുത് (വ. 475)
- കശാപ്പ് ശാല (വ. 452) ഫീസ് കൗൺസിലിന് നിശ്ചയിക്കാം
- കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് 1999-ലെ കെ.എം.ബി.ആർ. പ്രകാരം

നികുതി ഇതര വരുമാനങ്ങൾ (തുടർച്ച..)

- നഗരസഭക്ക് കെട്ടിടം നിർമ്മിച്ച് ലൈസൻസ് വ്യവസ്ഥയിൽ നല്കാം (വ. 215)
  കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കൈയൊഴിക്കലും ചട്ടങ്ങൾ) 2010
- ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ (വ. 507)

കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ 1999

- ജനന/മരണ/വിവാഹ രജിസ്ട്രേഷൻ

നികുതി ഇതര വരുമാനങ്ങൾ (തുടർച്ച..)

- പി.പി.ആർ. ലൈസൻസ്
  Kerala Places of Public Resorts Act, 1963 Rules, 1965
- സിനിമാ ലൈസൻസ്
  കേരള സിനിമാ റഗുലേഷൻ ആക്ടും അനുബന്ധ ചട്ടങ്ങളും
- നഗരസഭാ വക ഫലവൃക്ഷങ്ങൾ, ഭൂമി വാടക ഈടാക്കൽ
- മണൽ ഖനനം ഫീസ്

നികുതി ഇതര വരുമാനങ്ങൾ (തുടർച്ച..)

- കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, 1997
- വിവിധ തരം പിഴകൾ (പട്ടിക 4, 5)
- കേരള മുനിസിപ്പാലിറ്റി (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങൾ, 1996

വിഭവ മാനേജ്മെന്റ്

1. സമ്പൂർണ്ണ വിഭവസമാഹരണം
2. ഫലപ്രദമായ ധനവിനിയോഗം
3. യാഥാർത്ഥ്യത്തിലൂന്നിയ ബജറ്റ്
4. ചിട്ടയായ അക്കൗണ്ടിംഗ്


വിഭവ മാനേജ്മെന്റും ഉദ്യോഗസ്ഥരും
എന്ത് ചെയ്യാം?
എങ്ങനെ ചെയ്യാം?

നന്ദി

സെഷൻ – 6

1. വിഷയം: **നികുതി നിർണ്ണയവും അപ്പീലും**

2. ലക്ഷ്യം:
   1. വിവിധയിനം നികുതികൾ ഏതെല്ലാമെന്ന് പറയാൻ കഴിയുക.
   2. നികുതി നിർണ്ണയം, നിരക്ക്, കാലയളവ് വിജ്ഞാപനം തുടങ്ങിയവ എന്തെന്ന് വിശദീകരിക്കാൻ കഴിയുക.
   3. വസ്തുനികുതി, തൊഴിൽ നികുതി എന്നിവ കണക്കാക്കാൻ കഴിയുക.
   4. വസ്തുനികുതി, സേവന നികുതി, സർചാർജ്ജ് ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകൾ പറയാൻ കഴിയുക.
   5. നികുതി നിർണ്ണയത്തിലെ അപാകത, അപ്പീൽ, റിവിഷൻ, റിവ്യൂ എന്നിവയുടെ നടപടിക്രമം വിവരിക്കാൻ കഴിയുക.

3. സമയം : 75 മിനിറ്റ്

4. വേദി : പൊതുവേദി, ഗ്രൂപ്പ് ചർച്ചയ്ക്കുള്ള വേദി

5. ഉള്ളടക്കവും പഠനരീതിയും:

ക്രമ നം	ഉള്ളടക്കം	സമയം	പഠനരീതി	ഉപാധികൾ
1.	നികുതി ഇനങ്ങൾ	5 മിനിറ്റ്	ചോദ്യോത്തരങ്ങൾ (കുറിപ്പ് – 1)	ചാർട്ട് പേപ്പർ, പേന സ്ലൈഡ് – 2
2.	നഗരസഭയിലെ നികുതി നിർണ്ണയ അധികാരം	5 മിനിറ്റ്	ചോദ്യോത്തരങ്ങൾ	സ്ലൈഡ് 3
3.	നികുതി നിർണ്ണയ – ഘടകങ്ങൾ	20 മിനിറ്റ്	പ്രായോഗിക പ്രവർത്തനം, ഗ്രൂപ്പ് പ്രവർത്തനം – 10 മിനിറ്റ്, റിപ്പോർട്ടിംഗ് – 6 മിനിറ്റ്, ക്രോഡീകരണം – 4 മിനിറ്റ് (കുറിപ്പ് – 2)	പ്രായോഗിക പ്രവർത്തനം – 1, 2, 3, സ്ലൈഡ് – 4, 5, 6
4.	നികുതി പുതുക്കൽ നടപടികൾ	5 മിനിറ്റ്	ചർച്ച, അവതരണം	ചാർട്ട് പേപ്പർ, പേന, സ്ലൈഡ് – 7
5.	വസ്തു നികുതി, സേവന ഉപനികുതി ഒഴിവാക്കൽ	5 മിനിറ്റ്	അവതരണം	സ്ലൈഡ് – 8
6.	വസ്തു നികുതി/തൊഴിൽ നികുതി ഒഴിവാക്കൽ/പിഴകൾ നടപടികൾ	10 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 9
7.	നികുതി ഇളവുകൾ, ഒഴിവാക്കൽ	5 മിനിറ്റ്	ചർച്ച അവതരണം	സ്ലൈഡ് – 10 ചാർട്ട് പേപ്പർ
8.	വസ്തു/തൊഴിൽ നികുതി അപ്പീൽ റവ്യൂ/ പിഴകൾ നടപടികൾ	15 മിനിറ്റ്	കേസ് സ്റ്റഡി ചർച്ച – 8 മിനിറ്റ് റിപ്പോർട്ടിംഗ്, ക്രോഡീകരണം – 7 മിനിറ്റ് കുറ്പ്പ് – 3	കേസ് സ്റ്റഡി – കുറിപ്പ് (അപ്പീൽ തള്ളി) സ്ലൈഡ് – 11
9.	സംശയനിവാരണം	5 മിനിറ്റ്		

കുറിപ്പ് – 1 : സ്ലൈഡ്-2-ലെ നികുതി ഇനങ്ങൾ മുൻ സെഷനിൽ വിവരിച്ചിട്ടുള്ളതാകയാൽ ഒരു ഓർമ്മപ്പെടുത്തുലിനുവേണ്ടി മാത്രം ഈ സ്ലൈഡ് ഉപയോഗിക്കുക. ചോദ്യോത്തര രീതിയിൽ ഒരു ഓർമ്മപ്പെടുത്തൽ മാത്രം നടത്തുക. ഓരോ ഇനത്തേയും കുറിച്ച് വിശദീകരിക്കേണ്ടതില്ല.

കുറിപ്പ് – 2 : പ്രായോഗിക പ്രവർത്തനത്തിനായി പഠിതാക്കളെ 6 ഗ്രൂപ്പുകളാക്കുക. ഇതോടൊപ്പം നൽകിയിട്ടുള്ള മൂന്ന് പ്രായോഗിക പ്രവർത്തനങ്ങൾ ഓരോ ഗ്രൂപ്പിനും നൽകുക. അതായത് ഒന്ന്, രണ്ട് ഗ്രൂപ്പുകൾക്ക് പ്രവർത്തനം 1, മൂന്ന്, നാല് ഗ്രൂപ്പുകൾക്ക് പ്രവർത്തനം 2, അഞ്ച്, ആറ് ഗ്രൂപ്പുകൾക്ക് പ്രവർത്തനം 3 എന്നിങ്ങനെ നൽകുക. പ്രവർത്തനം നടത്താനായി 10 മിനിറ്റ് സമയം നൽകുക. തുടർന്ന് ഓരോ ഗ്രൂപ്പിനോടും റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുക, റിപ്പോർട്ടിംഗിന് 6 മിനിറ്റ് സമയം നൽകുക. അതിനുശേഷം അപാകതകൾ ചൂണ്ടി കാണിച്ചുകൊണ്ട് സ്ലൈഡ് 4, 5, 6 എന്നിവയുടെ സഹായത്തോടെ ഫാക്കൽറ്റി അംഗം ക്രോഡീകരണം നടത്തുക. ക്രോഡീകരണത്തിന് 4 മിനിറ്റ്.

കുറിപ്പ് – 3: കുറിപ്പിൽ 2-ൽ പറഞ്ഞ പ്രകാരം 6 ഗ്രൂപ്പുകളായിട്ടുള്ള ഓരോ ഗ്രൂപ്പിനും 'അപ്പീൽ തള്ളി' എന്ന കേസ്സ്റ്റഡി കുറിപ്പ് ചർച്ചക്കായി നൽകുക. (ചർച്ചക്ക് 8 മിനിറ്റ്) തുടർന്ന് റിപ്പോർട്ടിംഗ്, ക്രോഡീകരണം (7 മിനിറ്റ്)

സെഷൻ – 6

പ്രായോഗിക പ്രവർത്തനം–1

താഴെപ്പറയുന്ന വിവരങ്ങളോടുകൂടിയ കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കുക.

1) സോൺ – ദ്വിതീയം
2) റോഡ് – 8 മീറ്റർ
3) മേൽകൂര – കോൺക്രീറ്റ്
4) തറ വിസ്തീർണ്ണം – 260 ച.മീ.
5) തറ നിർമ്മിതി – ഗ്രാനൈറ്റ്
6) കാലപഴക്കം – രേഖകൾ ലഭ്യമല്ല.
7) നികുതി നിരക്ക് – 8/ച.മീ.
8) ഉപയോഗം – താമസം
9) നിലവിലുള്ള നികുതി – 1050/–

സെഷൻ – 6

പ്രായോഗിക പ്രവർത്തനം–2

താഴെപ്പറയുന്ന വിവരങ്ങളോടുകൂടിയ കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കുക.

1) സോൺ – പ്രഥമം
2) റോഡ് – 16 മീറ്റർ
3) മേൽകൂര – കോൺക്രീറ്റ്
4) തറ വിസ്തീർണ്ണം – 200 m^2
5) തറ നിർമ്മിതി – 150 m^2
6) കാലപഴക്കം – 12 വർഷം
7) നികുതി നിരക്ക് – 80, 50/ച.മീ.
8) ഉപയോഗം – ഹോട്ടൽ, കച്ചവടം
9) നിലവിലുള്ള നികുതി – 10,000/–

സെഷൻ – 6

പ്രായോഗിക പ്രവർത്തനം–3

തൊഴിൽ നികുതി കണക്കാക്കുക.

പണി പൂർത്തീകരിച്ച പുതിയ കെട്ടിടത്തിലേക്ക് നിലവിലുള്ള ഒരു സ്ഥാപനം പ്രവർത്തനം മാറ്റുന്നു. പുതിയ കെട്ടിടത്തിന്റെ ഉടമ സ്ഥാപനം നടത്തുന്നു. വിവിധ തസ്തികകളിലായി 25 ജീവനക്കാർ തൊഴിൽ ചെയ്യുന്നു. 5 പേർ മാനേജർ കേഡറിലുള്ളവരും 5 പേർ ഓഫീസ് അറ്റന്റർമാരുമാണ്. ബാക്കി 15 പേർ ഒരേ കേഡറിലുള്ളവരുമാണ്. 15 പേരിൽ 5 സ്ത്രീകളും 2 വികലാംഗരുമാണ്. തൊഴിൽ നികുതി (ജീവനക്കാരുടെ) നിർണ്ണയിക്കുക.

		SALARY	HRA	CCA
മാനേജർ	-	31360	1000	250
ജനറൽ വിഭാഗം-	-	15780	750	200
ഓഫീസ് അറ്റൻഡർ	-	13210	300	100

സെഷൻ – 6

കേസ് സ്റ്റഡി

അപ്പീൽ തള്ളി

നഗരസഭയിലെ V/230/A നമ്പർ കെട്ടിടം 20/2/17-ൽ പണി പൂർത്തീകരിച്ച് നികുതിനിർണ്ണയം നടത്തി. നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ 1-ാം നിലയിൽ വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നതിനാണ് ഈ കെട്ടിടം. എന്നാൽ പാർപ്പിടാവിശ്യത്തിനായി ഉപയോഗിക്കുന്ന താഴത്തെ നിലയിലുള്ള തന്റെ കെട്ടിടത്തിന് പുതിയ ചട്ടങ്ങൾ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ള നികുതിയേക്കാൾ വളരെ കൂടുതലാണ് പുതുതായി നിർമ്മിച്ച ഒന്നാം നിലക്ക് ചുമത്തിയിട്ടുള്ള നികുതി എന്നതിനാൽ നികുതി നിർണ്ണയത്തിൽ അപാകതയുണ്ടെന്ന് ആരോപിച്ച് കെട്ടിട ഉടമ നികുതി പുന:നിർണ്ണയത്തിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് പരാതി സമർപ്പിച്ചു. നികുതി നിർണ്ണയം പുന:പരിശോധിക്കാനായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തി. സെക്രട്ടറി നികുതി നിർണ്ണയം സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. അതിനെതിരെ കെട്ടിട ഉടമ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് അപ്പീൽ ബോധിപ്പിച്ചു. പ്രസ്തുത അപ്പീൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തള്ളി.

1. അപ്പീൽ തള്ളിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നടപടി ശരിയോണോ?
2. തള്ളിയതിന് എന്തെല്ലാം കാരണങ്ങളായിരിക്കും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പറഞ്ഞിട്ടുണ്ടാകുക.
3. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അപ്പീൽ തള്ളിയാൽ കെട്ടിട ഉടമയ്ക്ക് പരാതിയുണ്ടെങ്കിൽ ഇനി എവിടെ പരാതി ബോധിപ്പിക്കാം?

സെഷൻ – 6

നികുതി നിർണ്ണയവും അപ്പീലും

നികുതി ഇനങ്ങൾ

1. വസ്തു നികുതി
2. തൊഴിൽ നികുതി
3. മൃഗങ്ങളുടേയും യാനപാത്രങ്ങളുടേയും മേലുള്ള നികുതി
4. പ്രദർശന നികുതി
5. പരസ്യനികുതി
6. തടി നികുതി
7. വിനോദ നികുതി

നികുതി നിർണ്ണയാധികാരം

- ഭരണഘടന - അനുച്ഛേദം - 243 X
- കേരള മുനിസിപ്പാലിറ്റ് ആക്റ്റ് - XIV-ാം അദ്ധ്യായം
- 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻ മെന്റ് ആക്റ്റ്

നികുതി നിർണ്ണയം – ഘടകങ്ങൾ

വസ്തു നികുതി

1. ഉപയോഗക്രമം
2. സോൺ (മേഖല)
3. വഴി സൗകര്യം
4. മേൽകൂര നിർമ്മിതി
5. കാലപ്പഴക്കം
6. തറനിർമ്മിതി
7. എയർ കീഷണിംഗ്

നികുതിനിർണ്ണയം – ഘടകങ്ങൾ

- തൊഴിൽ നികുതി –
  അർദ്ധവാർഷിക വരുമാനം
- മൃഗങ്ങളുടേയും യാനപാത്രങ്ങളുടേയും നികുതി –
  നഗരസഭാ പ്രമേയം മൂലം
- പ്രദർശന നികുതി –
  പണം വാങ്ങി നടത്തുന്ന വിനോദം, പ്രദർശനം, അഭിനയം, കളി, കായികമത്സരം

നികുതിനിർണ്ണയം – ഘടകങ്ങൾ

- പരസ്യ നികുതി –
  സർക്കാർ നിശ്ചയിച്ച കുറഞ്ഞ പരസ്യ നിരക്കിന് വിധേയമായി ചുമത്താം
- തടിനികുതി –
  മുനിസിപ്പൽ പ്രദേശത്തേക്ക് കൊണ്ടു വരുന്ന തടിക്ക് ടണ്ണിന് പരമാവധി 24 രൂപ
- വിനോദ നികുതി –
  ടിക്കറ്റ് നിരക്കിൽ നിന്ന് നിശ്ചിത ശതമാനം തുക വിനോദ നികുതിയായി ഈടാക്കുന്നു.

നികുതി പുതുക്കൽ നടപടികൾ

ഓരോ നികുതിയും
പുതുക്കൽ
നടപടികൾ ?
വസ്തു നികുതി വസ്തുക്കൾ
നിർണ്ണയത്തിന് ശേഷം
കൂട്ടിച്ചേർക്കലുകൾ ഉണ്ടായാൽ
ഉപയോഗത്തിൽ മാറ്റം വന്നാൽ
പൊളിച്ചു നീക്കൽ നടന്നാൽ

വസ്തു നികുതി - സേവന നികുതി ഒഴിവാക്കൽ സാഹചര്യങ്ങൾ

- സർക്കാർ കെട്ടിടങ്ങൾ (State/Central)
- തദ്ദേശസ്വയംഭരണ സ്ഥാപനം കെട്ടിടങ്ങൾ
- വിമുക്തഭടന്റെ താമസകെട്ടിടം
- വ്യവസായ സ്ഥാപനങ്ങൾ പ്രത്യേക സോൺ

വസ്തു നികുതി/തൊഴിൽ നികുതി ഒഴിവാക്കൽ, പിഴ നടപടികൾ

വസ്തു നികുതി - സെക്ഷൻ 235 പ്രകാരം
വിമുക്തഭടൻ,
വിദ്യാഭ്യാസസ്ഥാപനങ്ങൾ
തൊഴിൽ നികുതി - വികലാംഗരായ ജീവനക്കാർ

പിഴ: 1% (നികുതി തുകയുടെ -സർക്കാർ ഉത്തരവ് പ്രകാരം)

ഇളവുകൾ ഒഴിവാക്കൽ

സാഹചര്യങ്ങൾ
(നികുതി നിർണയ ഘടകങ്ങൾ പ്രകാരം)

വസ്തു നികുതി, തൊഴിൽനികുതി, അപ്പീൽ, റിവ്യൂ നടപടികൾ

കേസ് സ്റ്റഡി - 1

ചർച്ച, അവതരണം, ക്രോഡീകരണം

നന്ദി

സെഷൻ – 7

1. വിഷയം: **ലൈസൻസുകൾ, അനുവാദങ്ങൾ, രജിസ്ട്രേഷനുകൾ**

2. ലക്ഷ്യം:
   (1) ലൈസൻസുകളും അനുവാദങ്ങളും രജിസ്ട്രേഷനുകളും, നഗരസഭയുടെ അനിവാര്യ ചുമതലകളും തമ്മിലുള്ള ബന്ധം വിവരിക്കാൻ കഴിയുക.
   (2) ലൈസൻസുകൾ, രജിസ്ട്രേഷനുകൾ, അനുവാദങ്ങൾ എന്നിവ എന്തിനെല്ലാമാണ് വേണ്ടതെന്നും അവയുടെ നിബന്ധനകൾ ഏതൊക്കെയാണെന്നും ഉദ്യോഗസ്ഥർക്കുള്ള ചുമതലകൾ എന്തെല്ലാമെന്നും വിവരിക്കാൻ കഴിയുക.

3. സമയം : 75 മിനിറ്റ്

4. വേദി : പൊതുസെഷൻ, ഗ്രൂപ്പ് ചർച്ചയ്ക്കുള്ള വേദി

5. ഉള്ളടക്കവും പഠനരീതിയും:

ക്രമ നം	ഉള്ളടക്കം	സമയം	പഠനരീതി	ഉപാധികൾ
1.	ലൈസൻസുകളും അനുവാദ ങ്ങളുമായി ബന്ധപ്പെട്ട അനിവാര്യ ചുമതലകൾ	10 മിനിറ്റ്	പങ്കാളിത്ത അവതരണം, കുറിപ്പ് – 1	സ്ലൈഡ് – 2, 3, 4, 5
2.	തടിമില്ലിന് ലൈസൻസ് നൽകൽ, പുതുക്കൽ, വ്യവസ്ഥകളുടെ ലംഘനം (കേസ് സ്റ്റഡി)	20 മിനിറ്റ്	കേസ് സ്റ്റഡി ഗ്രൂപ്പ് ചർച്ച, റിപ്പോർട്ടിംഗ്, ക്രോഡീകരണം, കുറിപ്പ് – 2, 3	കേസ് സ്റ്റഡി കുറിപ്പ് സ്ലൈഡ് – 6
3.	വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും മറ്റു സേവനങ്ങളും നിയന്ത്രിക്കൽ, നടപടിക്രമങ്ങൾ	20 മിനിറ്റ്	പങ്കാളിത്ത അവത രണം കുറിപ്പ് – 2, 3	സ്ലൈഡ് – 7–15
4.	മറ്റ് ലൈസൻസുകളും അനുമതി കളും രജിസ്ട്രേഷനുകളും	10 മിനിറ്റ്	അവതരണം, കുറിപ്പ് – 4	സ്ലൈഡ് – 16–19
5.	പൊതു വ്യവസ്ഥകൾ	5 മിനിറ്റ്	പങ്കാളിത്ത അവത രണം	സ്ലൈഡ് – 20 കുറിപ്പ് – 5
6.	ലൈസൻസുകൾ, അനുമതികൾ, രജിസ്ട്രേഷനുകൾ – ഉദ്യോഗസ്ഥ രുടെ ചുമതലകൾ	5 മിനിറ്റ്	പങ്കാളിത്ത അവത രണം	സ്ലൈഡ് – 21–23 കുറിപ്പ് – 6
7.	സംശയനിവാരണം	5 മിനിറ്റ്		

കുറിപ്പ് – 1 : അനിവാര്യചുമതലകളിൽ ലൈസൻസുകളും അനുവാദങ്ങളുമായി ബന്ധപ്പെട്ടചുമതല കൾ സ്ലൈഡ് 2, 3, 4, 5 എന്നിവയുടെ സഹായത്തോടെ പങ്കാളിത്ത രീതിയിൽ അവത രിപ്പിക്കുന്നു. അനിവാര്യ ചുമതലകളുടെ പ്രാധാന്യം വിശദീകരിക്കണം.

കുറിപ്പ് – 2 : പരിശീലന പങ്കാളികളെ 5 ഗ്രൂപ്പുകളായി തിരിച്ചശേഷം ഓരോ ഗ്രൂപ്പിനും 'തടിമില്ലനു മതി' എന്ന കേസ് സ്റ്റഡി ചർച്ചക്കായി നൽകുന്നു. അവർ ചർച്ച ചെയ്ത ശേഷം അഭി പ്രായങ്ങൾ രേഖ പ്പെടുത്തുന്നു. (ഗ്രൂപ്പ് ചർച്ച 7 മിനിറ്റ്, റിപ്പോർട്ടിംഗ് 8 മിനിറ്റ്, ക്രോഡീ കരണം 5 മിനിറ്റ് റിപ്പോർട്ട് ചെയ്യുന്നു.

കുറിപ്പ് –3 : റിപ്പോർട്ടുകൾക്കുള്ള വിശദീകരണവും യന്ത്രങ്ങളും ഫാക്ടറികളും സ്ഥാപിക്കുന്ന തിനും വ്യാപാരങ്ങളും വ്യവസായ സ്ഥാപനങ്ങളും നടത്തുന്നതിനും നഗരസഭയിൽ

നിന്നും വാങ്ങേണ്ട ലൈസൻസുകളും വ്യവസ്ഥകളും സംബന്ധിച്ചുള്ള വിഷയങ്ങൾ പങ്കാളിത്ത രീതിയിൽ സ്ലൈഡ് 7, 8, 9, 10, 11, 12, 13, 14, 15 എന്നിവയുടെ സഹായത്തോടെ അവതരിപ്പിക്കണം.

കുറിപ്പ് - 4 : വിവിധ വിഷയങ്ങളിൽ നഗരസഭക്കുള്ള നിയന്ത്രണ അധികാരങ്ങളും ലൈസൻസിംഗ് വ്യവസ്ഥകളും പങ്കാളിത്ത രീതിയിൽ ചെറുവിവരങ്ങളോടെ സ്ലൈഡ് 16, 17, 18, 19 എന്നിവയുടെ സഹായത്തോടെ അവതരിപ്പിക്കുക. ജനന, മരണ രജിസ്ട്രേഷൻ, ഹിന്ദു വിവാഹ രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച് ചെറു വിവരണം നൽകുക.

കുറിപ്പ് -5: ലൈസൻസുകളും അനുവാദങ്ങളും സംബന്ധിച്ച പൊതുവ്യവസ്ഥകൾ സ്ലൈഡ് 20-ന്റെ സഹായത്തോടെ വിവരിക്കുന്നു. വകുപ്പ് 492, 532 എന്നിവക്ക് ഊന്നൽ നൽകണം. പിഴകളെക്കുറിച്ച് ചെറിയ വിശദീകരണം നൽകണം.

കുറിപ്പ് - 6 : പരിസ്ഥിതി, പൊതു സുരക്ഷ, പൊതുജനാരോഗ്യം, എന്നീ പൊതു താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് ഉദ്യോഗസ്ഥന്മാർക്കുള്ള പങ്ക്, ചുമതല, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ച് ചെറിയ വിവരണം നൽകുക.

കില പ്രസിദ്ധീകരിച്ചിട്ടുള്ള നഗരസഭ സേവനങ്ങളും നിബന്ധനകളും എന്ന പുസ്തകത്തിൽ എല്ലാത്തരം ലൈസൻസുകളേയും അനുവാദങ്ങളേയും രജിസ്ട്രേഷനുകളേയും സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ടെന്നും കൂടുതൽ വിശദാംശങ്ങൾക്കായി ആ പുസ്തകം നോക്കണമെന്നും കൂടി പറഞ്ഞ് സെഷൻ അവസാനിപ്പിക്കുക.

കേസ് സ്റ്റഡി - സെഷൻ - 7

തടിമില്ലനുമതി

കളിത്തറ നഗരസഭയിൽ 26 എച്.പി. മോട്ടോർ ഉപയോഗിച്ച് ഒരു തടിമില്ല് സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി ഒരു അപേക്ഷ ലഭിച്ചു. ഇതു സംബന്ധിച്ച് സെക്രട്ടറി റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിൽ തടിമില്ല് സ്ഥാപിക്കുന്നതിനെതിരെ ഒരു പരാതി ലഭിക്കുകയുണ്ടായി. സെക്രട്ടറി പരാതിക്കാരനെയും തടിമില്ല് ഉടമയേയും നേരിൽ വിളിച്ച് സംസാരിച്ച് ഒത്തു തീർപ്പുണ്ടാക്കുകയും ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും കൗൺസിലിനും തടിമില്ല് സ്ഥാപിക്കുന്നതിന് അനുമതി നൽകാമെന്ന് ശുപാർശ നൽകുകയും ചെയ്തു. മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 448 (3) പ്രകാരം കൗൺസിൽ അനുമതി നൽകുകയും ചെയ്തു. തുടർന്ന് സെക്രട്ടറി സ്ഥാപനം പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ് അനുവദിച്ചു. ഒരു വർഷം കഴിഞ്ഞ് തടിമില്ലിൽ നിന്ന് പൊടിശല്യവും ശബ്ദശല്യവും കാരണം ജീവിക്കാൻ നിർവ്വാഹമില്ലെന്ന് കാണിച്ച് പഴയ പരാതിക്കാരൻ പരാതിയുമായി വീണ്ടും എത്തുകയുണ്ടായി. തടിമില്ലിനുള്ള ഒക്യുപെൻസിയും, പൊലൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയും ഫോറസ്റ്റിന്റെ ലൈസൻസും ഇല്ലാതെയാണ് തടിമില്ല് പ്രവർത്തിക്കുന്നതെന്ന് പുതിയ സെക്രട്ടറിയുടെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു. കൂടാതെ നിലവിൽ 6 കുതിര ശ്ക്തിയുള്ള ഒരു യന്ത്രം കൂടി ലൈസൻസില്ലാതെ തടിമില്ലിൽ സ്ഥാപിച്ചിരിക്കുന്നതായും കാണുകയുണ്ടായി.

1. ഇക്കാര്യത്തിൽ ആർക്കൊക്കെ വിഴ്ചകൾ പറ്റിയിട്ടുണ്ട്?

2. ഇക്കാര്യത്തിൽ കൗൺസിലും ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നേരത്തെ എടുത്ത തീരുമാനങ്ങൾ ശരിയായിരുന്നോ?

3. തടിമില്ലിന്റെ പ്രവർത്തനം, പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം എന്നീ പൊതു താല്പര്യങ്ങൾക്ക് അനുസൃതമാക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയും?

സെഷൻ 7

ലൈസൻസുകൾ, അനുവാദങ്ങൾ, രജിസ്ട്രേഷനുകൾ

നിയന്ത്രണാധികാരങ്ങൾ, നിയമവ്യവസ്ഥകൾ

ലൈസൻസുകൾ, അനുവാദങ്ങൾ, രജിസ്ട്രേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട അനിവാര്യ ചുമതലകൾ

(1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം പട്ടിക ഒന്ന്)

അനിവാര്യചുമതലകൾ

- **കെട്ടിട നിർമ്മാണം നിയന്ത്രിക്കുക (1)**
- **പൊതുമാർക്കറ്റുകൾ പരിപാലിക്കുക (9)**
- **മൃഗങ്ങളുടെ കശാപ്പ്, മത്സ്യം, മാംസം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന എന്നിവ നിയന്ത്രിക്കുക (11)**
- **ഭക്ഷണശാലകളെ നിയന്ത്രിക്കുക (12)**
- **ഭക്ഷണത്തിൽ മായംചേർക്കൽ തടയുക (13)**

അനിവാര്യചുമതലകൾ- തുടർച്ച

- ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയുംസംരക്ഷിക്കുകയും ചെയുക (18)
- പരിസ്ഥിതി, പൊതു സുരക്ഷ, പൊതു ജനാരോഗ്യം എന്നീ പൊതു താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ (19)
- ജനനവും മരണവും രജിസ്ടർ ചെയ്യുക (20)
- വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക (23)

അനിവാര്യചുമതലകൾ- തുടർച്ച

- മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക (26)
- വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക (27)

കേസ് സ്റ്റഡി

ഗ്രൂപ്പ് ചർച്ച	**7 മിനിറ്റ്**
റിപ്പോർട്ടിംഗ്	**8 മിനിറ്റ്**
ക്രോഡീകരണം	**5 മിനിറ്റ്**

- വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും മറ്റ് സേവനങ്ങളും നിയന്ത്രിക്കൽ
- നടപടിക്രമങ്ങൾ

വകുപ്പുകൾ, ചട്ടങ്ങൾ

1984 ലെ കേരള മുനിസിപ്പാലിറ്റി നിയമം
വകുപ്പുകൾ
447, 448, 449, 450, 453, 454, 455, 456, 459, 460, 462, 469, 470, 492

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ല)

സ്ഥല ഉപയോഗത്തിന് അനുമതി

- സ്ഥലങ്ങൾ ഏതാവശ്യങ്ങൾക്കും ലൈസൻസ് കൂടാതെ ഉപയോഗിക്കാൻ പാടില്ല
- വകുപ്പ് 447

ലൈസൻസ് -വ്യാപ്തി

- പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ദോഷകരമായ ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയവ മുനിസിപ്പാലിറ്റിയുടെ ലൈസൻസില്ലാതെ പ്രവർത്തിക്കാൻ പാടില്ല

ലൈസൻസ് നൽകൽ

ചട്ടങ്ങളിലെ പട്ടിക-1 പട്ടിക-2
പട്ടിക 1 -കൗൺസിൽ
പട്ടിക-2 സെക്രട്ടറി

ലൈസൻസ് -നിബന്ധനകൾ

ലൈസൻസിനായി സമർപ്പിക്കേണ്ട രേഖകൾ
അടക്കേണ്ട ഫീസ്
സമപരിധി-അപേക്ഷ നൽകുന്നതിന്
സമയപരിധി-അപേക്ഷ തീർപ്പാക്കുന്നതിന്
ലൈസൻസുകൾ പുതുക്കി നൽകൽ

സ്ഥാപനം നിർമ്മിക്കൽ, യന്ത്രങ്ങൾ സ്ഥാപിക്കൽ

- വ്യവസായശാലയോ ഫാക്ടറിയോ മറ്റ് പണി സ്ഥലമോ നിർമ്മിക്കുന്നതിനും അതിൽ ഏതെങ്കിലും ശക്തികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഉള്ള ലൈസൻസ് .
- വകുപ്പ് 448

സ്ഥാപനത്തിന് ലൈസൻസ്

- കൗൺസിലിന്റെ അനുവാദം
- സെക്രട്ടറിയുടെ ലൈസൻസ്
- സമർപ്പിക്കേണ്ട രേഖകൾ
- അടക്കേണ്ട ഫീസ്
- സമയപരിധി- അനുവാദവും ലൈസൻസും നൽകുന്നതിന്
- ക്ലിയറൻസ് ആവശ്യമുള്ളവ-പട്ടിക 7
- പട്ടിക 8, വകുപ്പ് 450 എച്ച്, ഐ

പട്ടികകൾ, ഫോറങ്ങൾ

- ആക്ട്-പട്ടിക 6, പട്ടിക 7
- ചട്ടം- പട്ടിക I, പട്ടിക II, പട്ടിക III
- ഫോറം I, ഫോറം II, ഫോറം III, ഫോറം IV, ഫോറം V, ഫോറം VI

മറ്റ് ലൈസൻസുകൾ

- കശാപ്പുശാലകൾക്കുള്ള ലൈസൻസുകൾ (452)
- പാൽകച്ചവടം ക്രമീകരിക്കൽ (450)
- സ്വകാര്യ മാർക്കറ്റുകൾക്കുള്ള ലൈസൻസുകൾ (460)
- കശാപ്പുകാരുടേയും മീൻ വില്പനക്കാരുടേയും കോഴിക്കച്ചവടക്കാരുടേയും ലൈസൻസ് (469)
- പൊതുതെരുവിൽ വച്ച് സാധനങ്ങൾ വിൽക്കുന്നതു നിരോധിക്കുകയോ ക്രമപ്പെടുത്തുകയോ ചെയ്യാനുള്ള അധികാരം (473)
- സ്വകാര്യ വണ്ടിത്താവളത്തിനുള്ള ലൈസൻസ്

മറ്റ് ലൈസൻസുകൾ (തുടർച്ച...)

- ശവം കൈയോഴിക്കുന്നതിനുള്ള സ്ഥലങ്ങൾക്ക് ലൈസൻസ് നൽകൽ
- പി.പി.ആർ ആക്ടു പ്രകാരമുള്ള ലൈസൻസുകൾ
- സിനിമാശാലകൾ പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ്
- സിനിമാശാലകൾ തുടങ്ങുന്നതിനുള്ള പെർമിഷൻ
- ഉത്സവങ്ങളും അടിയന്തിരങ്ങളും നടക്കുന്ന അവസരങ്ങളിൽ മൃഗങ്ങളെ കശാപ്പ് ചെയ്യൽ

പെർമിറ്റ്, രജിസ്ട്രേഷൻ

- വിനോദനികുതി പെർമിറ്റ്
- ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ
- സ്വകാര്യ ആശുപത്രികൾ, പാരമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ
- ജനന,മരണ, വിവാഹ രജിസ്ട്രേഷനുകൾ

മറ്റ് അനുമതികൾ

- സ്റ്റോൺ ക്രഷിന് അനുമതി നൽകുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ
- മൃഗങ്ങളെ വളർത്തുന്ന സ്ഥലങ്ങൾക്കുള്ള ലൈസൻസ്
- ചില മൃഗങ്ങളുടെ മേലുള്ള നിയന്ത്രണം (വകുപ്പ് 435, 436, 437, 438)
- എ, ബി, സി പ്രോഗ്രാം

ലൈസൻസുകളും അനുവാദങ്ങളും

- പൊതുവ്യവസ്ഥകൾ (വകുപ്പ് 492, വകുപ്പ് 532)

ലൈസൻസുകൾ, അനുവാദങ്ങൾ, രജിസ്ട്രേഷനുകൾ

ഉദ്യോഗസ്ഥരുടെ ചുമതലകൾ

- പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക

ഉദ്യോഗസ്ഥരുടെ ചമതലകൾ (തുടർച്ച....)

- ലൈസൻസ് വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുക
- ഒരു സ്ഥാപനത്തിന് അനുമതി നൽകുന്നതിന് മുമ്പ് വരുംവരായ്കകൾ പരിശോധിക്കുക
- ലൈസൻസ് വ്യവസ്ഥകൾ പാലിക്കാതെ ഒരു സ്ഥാപനത്തിനും ലൈസൻസ് നൽകുന്നില്ല എന്ന് ഉറപ്പാക്കുക

ഉദ്യോഗസ്ഥരുടെ ചമതലകൾ ....തുടർച്ച

- ജനങ്ങളുടെ ജീവനും സ്വത്തിനും സൈര ജീവിതത്തിനും പൊതു വസ്തുവഹകൾക്കും പരിസ്ഥിതിക്കും ഹാനികരമാകുന്ന ഒരു വ്യാപാര-വ്യവസായ സ്ഥാപനവും നടത്താൻ അനുവദിക്കാതിരിക്കുക
- പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ്/രജിസ്ട്രേഷൻ ഉണ്ടെന്ന് ഉറപ്പാക്കുക

നന്ദി

സെഷൻ – 8

1. വിഷയം: **അക്കൗണ്ടിംഗ്, ഓഡിറ്റിംഗ്**
2. ലക്ഷ്യങ്ങൾ:
   1) കൃത്യമായ അക്കൗണ്ടിംഗിന്റെ അനിവാര്യത വിശദീകരിക്കാൻ കഴിയുക.
   2) അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രേഖകൾ, രജിസ്റ്ററുകൾ എന്തെല്ലാമെന്ന് പറയാൻ കഴിയുക.
   3) ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം എന്താണെന്ന് വിശദീകരിക്കാൻ കഴിയുക.
   4) ഡബൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിൽ പരിശീലന പങ്കാളികളുടെ ചുമതലകൾ വ്യക്തമാക്കാൻ കഴിയുക.
   5) എന്താണ് ഓഡിറ്റെന്നും ഏതെല്ലാം ഓഡിറ്റുകളുണ്ടെന്നും വിശദീകരിക്കാൻ കഴിയുക.
   6) ഓഡിറ്റ് എന്ന ചുമതല കാര്യക്ഷമമായി നിറവേറ്റാൻ എങ്ങനെ ഇടപെടാമെന്ന് പറയാൻ കഴിയുക.
   7) ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചാൽ സ്വീകരിക്കേണ്ട തുടർനടപടികൾ എന്തെന്ന് വിവരിക്കാൻ കഴിയുക.
3. സമയം : 75 മിനിറ്റ്
4. വേദി : പൊതുവേദി, ഗ്രൂപ്പ് ചർച്ചക്കുള്ള വേദി
5. ഉള്ളടക്കവും പഠനരീതിയും:

ക്രമനം	ഉള്ളടക്കം	സമയം	പഠനരീതി	ഉപാധികൾ
1.	അക്കൗണ്ടിംഗ് – നിലവിലുള്ള സ്ഥിതി അവോലകനം വീഴ്ചകളും പരിഹാര നിർദ്ദേശങ്ങളും	10 മിനിറ്റ്	ഗ്രൂപ്പ് ചർച്ച കുറിപ്പ്-1	സ്ലൈഡ് -1, 2 ഫോറം 8.1, 8.2
	പ്ലീനറി	5 മിനിറ്റ്	ഗ്രൂപ്പ് ലീഡർമാരുടെ അവതരണം, കുറിപ്പ് – 2	സ്ലൈഡ് – 3
	ക്രോഡീകരണം	5 മിനിറ്റ്	പങ്കാളിത്താവതരണം	സ്ലൈഡ് – 3
2.	അക്കൗണ്ടിംഗും അക്കൗണ്ടബിലിറ്റിയും	5 മിനിറ്റ്	പങ്കാളിത്താവതരണം	സ്ലൈഡ് – 4, 5
3.	രജിസ്റ്ററുകൾ, അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം, പ്രധാന രേഖകൾ	5 മിനിറ്റ്	പങ്കാളിത്താവതരണം	സ്ലൈഡ് – 6, 7, 8
4.	ചെയ്യേണ്ട കാര്യങ്ങൾ : ദിനംപ്രതി, പ്രതിമാസം, വർഷാന്ത്യം – സോഫ്റ്റ്വെയറുകൾ	5 മിനിറ്റ്	അവതരണം	സ്ലൈഡ് – 9–11
5.	ഓഡിറ്റ് എന്ത്? എന്തിന് ?	5 മിനിറ്റ്	പങ്കാളിത്താവതരണം	സ്ലൈഡ് 12, 13
6.	വിവിധ ഓഡിറ്റ് സംവിധാനങ്ങൾ പരിശോധനാ രീതികൾ	3 മിനിറ്റ്	പങ്കാളിത്താവതരണം	സ്ലൈഡ് – 14
7.	ഓഡിറ്റ് നിലവിലുള്ള സ്ഥിതിയുടെ അവലോകനം, വീഴ്ചകളും പരിഹാര നിർദ്ദേശങ്ങളും	5 മിനിറ്റ്	ഗ്രൂപ്പ് പ്രവർത്തനം കുറിപ്പ് – 3	സ്ലൈഡ് – 15 ഫോറം 8.3
	പ്ലീനറി	5 മിനിറ്റ്	ഗ്രൂപ്പ് ലീഡർമാരുടെ അവതരണം, ക്രോഡീകരണം	സ്ലൈഡ് – 15

8.	ഓഡിറ്റ് നടപടിക്രമങ്ങൾ	7 മിനിറ്റ്	പങ്കാളിത്താവതരണം	സ്ലൈഡ് 16
9.	ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടികൾ	5 മിനിറ്റ്	പങ്കാളിത്താവതരണം	സ്ലൈഡ് - 17, 18
10.	ഓഡിററിലെ ഉത്തരവാദിത്തവും ബാധ്യതയും	5 മിനിറ്റ്	പങ്കാളിത്താവതരണം	സ്ലൈഡ് - 19
11.	സംശയാവതരണം	5 മിനിറ്റ്	-	-

കുറിപ്പ് - 1 : പഠിതാക്കളെ 5 ഗ്രൂപ്പുകളാക്കുക. ഓരോ ഗ്രൂപ്പിനോടും ഫോറം 8.1, 8.2 എന്നിവ ചർച്ച ചെയ്ത് രേഖപ്പെടുത്താൻ പറയുക.

കുറിപ്പ് - 2 : ഗ്രൂപ്പ് ലീഡർമാരോട് പ്ലീനറിയിൽ അവതരിപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. (ഫോറത്തിൽ എഴുതിയത് വായിക്കൽ) തുടർന്ന് ഫാക്കൽറ്റി അംഗം ക്രോഡീകരണം നടത്തുന്നു.

കുറിപ്പ് - 3 : കുറുപ്പ്-1-ൽ പറഞ്ഞപ്രകാരമുള്ള 5 ഗ്രൂപ്പുകളായി തിരിഞ്ഞ് ഫോറം 8.3 ചർച്ച ചെയ്യാൻ നിർദ്ദേശിക്കുക. പഠിതാക്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും , അങ്ങനെ സംഭവിക്കാതിരിക്കാൻ എന്ത് ചെയ്യണമെന്നും ചർച്ച ചെയ്ത് രേഖപ്പെടുത്തുന്നു. ഏഴുതിയ കാര്യങ്ങൾ പ്ലീനറിയിൽ അവതരിപ്പിക്കുന്നു. തുടർന്ന് ക്രോഡീകരണം നടത്തുന്നു.

സെഷൻ – 8

ഫോറം – 8.1 : അക്കൗണ്ടിംഗ് (അവലോകനം – 1)

(ഗ്രൂപ്പിലെ ഭൂരിഭാഗം പേരുടെ അഭിപ്രായമാണ് രേഖപ്പെടുത്തേണ്ടത്)

1.	ക്യാഷ് ബുക്ക്/ബാങ്ക് ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്ത് പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ടോ?	ഉണ്ട്	ഇല്ല	അറിയില്ല
2.	ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകളെങ്കിലും കൃത്യമാണെന്ന് പ്രിന്റ് വിലയിരുത്ത് ധനകാര്യ സ്ക്രാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നുണ്ടോ?	ഉണ്ട്	ഇല്ല	അറിയില്ല
3.	പ്രതിമാസ അക്കൗണ്ട് (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്) സെക്രട്ടറി എല്ലാ മാസവും 10-ാം തീയതിക്കു മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റ് സമർപ്പിക്കുകയും കമ്മിറ്റി അതിന്മേൽ ചർച്ച നടത്തുകയും ചെയ്യാറുണ്ടോ?	ഉണ്ട്	ഇല്ല	അറിയില്ല
4.	2014-15 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റും ഡിസിബി പത്രികയും ധനകാര്യ സ്ക്രാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും അംഗീകരിച്ച് മെയ് 15-നകം ഓഡിറ്റിൽ സമർപ്പിച്ചിട്ടുണ്ടോ?	ഉണ്ട്	ഇല്ല	അറിയില്ല
5.	ഡബിൾ ലോക്ക് ഉള്ള കാഷ് ചെസ്റ്റ് സ്ഥാപിച്ചിട്ടുണ്ടോ?	ഉണ്ട്	ഇല്ല	അറിയില്ല
6.	ഓരോ ദിവസത്തേയും പിരിവ് തുക, തിരിച്ചുവരുന്ന പെൻഷൻ മണി ഓർഡർ തുകകൾ, വിതരണം ചെയ്ത് ബാക്കി വരുന്നു തൊഴിലില്ലായ്മ വേതന തുക എന്നിവ കാഷ് ചെസ്റ്റിൽ തന്നെ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ?	ഉണ്ട്	ഇല്ല	അറിയില്ല
7.	അക്കൗണ്ടിന് ലഭിച്ച സർട്ടിഫിക്കറ്റേത് ? (ടിക്ക് ചെയ്യുക) • Unqualified (വിശേഷണമില്ലാത്തത്) • Qualified (വിശേഷണത്തോടുകൂടിയത്) • Disclaimer (നിരാകരണം) • Adverse (പ്രതികൂലം) • അറിയില്ല.			
8.	ഓഡിറ്റ് സമർപ്പിച്ച അക്കൗണ്ട് എനതെങ്കിലും കാരണവശാൽ തിരിച്ചയക്കപ്പെട്ടിട്ടുണ്ടോ?	ഉണ്ട്	ഇല്ല	അറിയില്ല
9.	ധനവിനിയോഗം പ്രതിപാദിക്കുന്ന താഴെപ്പറയുന്ന സർക്കാർ ഉത്തരവുകൾ വായിച്ച് മനസ്സിലാക്കിയിട്ടുണ്ടോ? 1. ജി.ഒ.(പി)177/06/ഫിൻ/12.4.06 2. ജി.ഒ.(പി)119/2015/ഫിൻ/21.3.2015 3. 2007-ലെ അക്കൗണ്ട്സ് ചട്ടങ്ങൾ 4. ജി.ഒ.(പി)187/06/ഫിൻ/19.05.15 5. ജി.ഒ.(പി)419/2015/ഫിൻ/19.09.2015	ഉണ്ട്	ഇല്ല	ഭാഗികം
10.	ഘടക സ്ഥാപനങ്ങളിലെ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാറുണ്ടോ?	ഉണ്ട്	ഇല്ല	അറിയില്ല

സെഷൻ – 8

ഫോറം – 8.2 : അക്കൗണ്ടിംഗ് (അവലോകനം – 2)

ക്രമ നം.	ശ്രദ്ധയിൽപ്പെട്ട അപാകതകൾ	പരിഹാര നിർദ്ദേശങ്ങൾ
1.	ക്യാഷ് ബുക്ക് / ബാങ്ക് ബുക്കുകൾ ദിനംപ്രതി ക്ലോസ് ചെയ്ത് സെക്രട്ടറിയും അക്കൗണ്ടന്റും ഒപ്പുവച്ച് സൂക്ഷിക്കാറില്ല്.	
2.	ഡെപ്പോസിറ്റ് / അഡ്വാൻസ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുന്ന രജിസ്റ്ററുകൾ സാംഖ്യ ബാലൻസ് ഷീറ്റ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.	
3.	ബാങ്ക് / ട്രഷറി ബാലൻസുകളുടെ റികൺസിലിയേഷൻ കൃത്യമായി ചെയ്യുന്നില്ല.	
4.	പ്രതിമാസ അക്കൗണ്ടുകൾ കൃത്യസമയത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിശോധനയ്ക്കായി ലഭ്യമാക്കുന്നില്ല.	
5.	വിശേഷണമില്ലാത്ത എ.എഫ്.എസ് തയ്യാറാക്കുവാൻ സാധിക്കുന്നില്ല.	
6.	ചെലവുകളും വരവുകളും യഥാർത്ഥ ഹെഡ്ഡിൽ വരുത്തുവാൻ സാധിക്കുന്നില്ല.	

സെഷൻ – 8

ഫോറം – 8.3 : ഓഡിറ്റ് നിരീക്ഷണങ്ങൾ

ക്രമ നം.	ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	ഒഴിവാക്കാൻ എന്ത് ചെയ്യാം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് :

തീയതി:

സെഷൻ 8

അക്കൗണ്ടിംഗ്, ഓഡിറ്റിംഗ്

1

അക്കൗണ്ടിംഗ്

അവലോകനം

- **ഗ്രൂപ്പ് ചർച്ച - 15 മിനിറ്റ്**

2

പ്ലീനറി

- **ലീഡർമാരുടെ അവതരണം - 5 മിനിറ്റ്**
- **ക്രോഡീകരണം-5 മിനിറ്റ്**

3

അക്കൗണ്ട് അക്കൗണ്ടബിലിറ്റിയും

- ബന്ധപ്പെട്ടവർക്ക് (ജനങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനം, ഗവണ്മെന്റ്, ഓഡിറ്റർ മുതലായവർ) പെട്ടെന്നു മനസ്സിലാകുന്ന രീതിയിലും അവർക്ക് ഉപകരിക്കുന്ന രീതിയിലും അവതരിപ്പിക്കുന്ന നിയമാനുസൃത രേഖ
  - പ്രവർത്തന ഫലം ലഭ്യമാകുന്നു
  - സാമ്പത്തിക നിലവാരം ലഭ്യമാകുന്നു
  - സൽഭരണ ഉപാധി
  - വികസന ഉപാധി

4

അക്കൗണ്ട് ഇല്ലെങ്കിൽ ?

- സർക്കാരിൽ നിന്നു ലഭിക്കുന്ന സാമ്പത്തിക സഹായം തടയപ്പെടും
- ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ധനസഹായം/ വായ്പ ലഭിക്കുകയില്ല
- വികസനപ്രവർത്തനങ്ങൾ നിലയ്ക്കും
- ഭരണ, സേവന പ്രവർത്തനങ്ങൾ സ്തംഭിക്കും
- അഴിമതിക്കുള്ള സാധ്യത
- അക്കൗ ഇല്ലെങ്കിൽ അക്കൗബിലിറ്റിയില്ല

അക്കൗണ്ടബിലിറ്റി എന്നാൽ ?

5

തദ്ദേശസ്വയംഭരണ സ്ഥാപന അക്കൗണ്ട്

അവശ്യം സൂക്ഷിക്കേണ്ട രേഖകൾ

- കാഷ് ബുക്ക്
- അറ്റന്റൻസ് രജിസ്റ്ററുകൾ
- ബാങ്ക് ബുക്കുകൾ
- ഡെപ്പോസിറ്റ് രജിസ്റ്റർ
- അഡ്വാൻസ് രജിസ്റ്റർ
- ജോർണൽ
- ലെഡ്ജർ
- ചെക്ക് ഇഷ്യൂ രജിസ്റ്റർ
- ചെക്ക് രശീതി രജിസ്റ്റർ

6

സിങ്കിൾ എൻട്രി	ഡബിൾ എൻട്രി
1. വരവും ചെലവും സ്വീകരിച്ചതും കൊടുത്തതും	1. വരവും ചെലവും കിട്ടിയതും കിട്ടാനുള്ളതും കൊടുത്തതും കൊടുക്കാനുള്ളതും
2. ആസ്തികളെ ചെലവായും ബാദ്ധ്യതകളെ വരവായും കണക്കാക്കുന്നു	2. വരവ്, ചെലവ്, ബാദ്ധ്യത, ആസ്തി ഇങ്ങനെ തരം തിരിക്കുന്നു
3. **AFS** സ്വീകരിച്ചതും കൊടുത്തതും (റസീപ്റ്റ്, പേയ്മെന്റ്)	3. **AFS** റസീപ്റ്റ്, പേയ്മെന്റ് വരവ്, ചെലവ് ബാലൻസ് ഷീറ്റ്

പ്രധാന രേഖകൾ

- കാഷ് ബുക്ക്
- ജേണൽ ബുക്ക്
- ലെഡ്ജർ
- ട്രയൽ ബാലൻസ് എന്നിവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് സ്റ്റേറ്റ്മെന്റ്
- ബാലൻസ് ഷീറ്റ് (കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ ആസ്തി ബാദ്ധ്യതകൾ)
- ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് (തന്നാണ്ടിലെ വരുമാനചെലവുകൾ മാത്രം)
- റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

8

ദിനം പ്രതി ചെയ്യേണ്ട കാര്യങ്ങൾ

- കാഷ് ബുക്ക് ക്ലോസ് ചെയ്യണം - പ്രിന്റ് എടുക്കണം
- ബാങ്ക് ബുക്ക് പ്രിന്റ്, കളക്ഷൻ പ്രിന്റ് കാൻസൽഡ് റസീറ്റ് പ്രിന്റ്, ഡേ ബുക്ക് പ്രിന്റ് എന്നിവ എടുക്കണം.

അക്കൗണ്ടിംഗും സോഫ്ട് വെയറുകൾ
- സാംബ്യ, സുലേഖ, സേവന....

9

പ്രതിമാസം ചെയ്യേണ്ട കാര്യങ്ങൾ

- മാസാന്ത്യ ക്ലോസിംഗ് ബാലൻസ് വിശകലനം
- ട്രഷറി/ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്
- പ്രതിമാസ റസീറ്റ് പേയ്മെൻറ് സ്റ്റേറ്റ്മെന്റ് പ്രിന്റ് എടുക്കണം.
- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് 10-ാം തീയതിക്കകം സമർപ്പിക്കണം
- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ അക്കൗണ്ട് ഓഡിറ്റ് ചെയ്യണം (വൗച്ചർ, രശീതുകൾ അടക്കം)
- ഘടകസ്ഥാപനങ്ങളുടെ പ്രതിമാസ വരവും ചെലവും ഓഡിറ്റ് ചെയ്യണം

10

വർഷാന്ത്യം ചെയ്യേണ്ട കാര്യങ്ങൾ

- ബാലൻസ് ഷീറ്റ്
  ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്
  കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്
  റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്
  ട്രയൽ ബാലൻസ്, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ (Note on accounts)
- ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണം
- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധനക്കുശേഷം ഭരണസമിതിക്കു സമർപ്പിക്കണം
- ഭരണസമിതി വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റും - ഡി.സി.ബി.യും അംഗീകരിച്ച് മെയ് 15 നകം ലോക്കൽ ഫണ്ട് ഓഡിറ്റിന് അയച്ചുകൊടുക്കണം.

11

ഓഡിറ്റ് എന്ത്? എന്തിന്?

- ലക്ഷ്യ സാക്ഷാത്ക്കാരത്തിന്റെ ഏറ്റക്കുറച്ചിലുകൾ തിരിച്ചറിയാൻ സ്ഥാപനത്തിന്റെ ചുമതലകൾക്കനുസരിച്ചാണോ പ്രവർത്തനം
- പ്രവർത്തനങ്ങൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണോ?
- സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിന്
- പ്രവർത്തന വിലയിരുത്തൽ
- ധനപരമായ ലക്ഷ്യം പൂർത്തീകരിച്ചോ?
- ഭൗതിക നേട്ടം കൈവരുച്ചോ?

12

ഓഡിറ്റ് എന്തിന്? (തുടർച്ച..)

- കണക്കുകളിൽ തെറ്റുണ്ടോ എന്നറിയാൻ
- വരവുചെലവിലെ ലാഭനഷ്ടങ്ങൾ അറിയാൻ
- ഭരണകാര്യക്ഷമത ഉറപ്പുവരുത്താൻ
- ധനമാനേജ്മെന്റ് കാര്യക്ഷമമാക്കാൻ
- സാമ്പത്തികഭദ്രത ഉറപ്പാക്കാൻ
- ഭൗതികനേട്ടം കൈവരിച്ചോ എന്ന് കണ്ടെത്താൻ

13

വിവിധ ഓഡിറ്റുകളും പരിശോധനകളും

- ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഓഡിറ്റ്
- കേരള സ്റ്റേറ്റ് ഓഡിറ്റ്
- പെർഫോർമൻസ് ഓഡിറ്റ്
- സി.എ.ജി. ഓഡിറ്റ്
- സോഷ്യൽ ഓഡിറ്റ്
- സ്റ്റോർ പർച്ചേയ്സ് വകുപ്പ് ഓഡിറ്റ്
- ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് പരിശോധന
- വകുപ്പ് മേധാവിയുടെ പരിശോധന

14

ഓഡിറ്റ് നിരീക്ഷണങ്ങൾ അപഗ്രഥിക്കാം?

- ഗ്രൂപ്പ് ചർച്ച – 15 മിനിറ്റ്
- പ്ലീനറി – 15 മിനിറ്റ്
  (ഒരു ഗ്രൂപ്പിന് 3 മിനിറ്റ്)

15

ഓഡിറ്റ് നടപടിക്രമങ്ങൾ

- അക്കൗണ്ട് സമർപ്പിക്കൽ
- അക്കൗണ്ട് സർട്ടിഫിക്കേഷൻ
- ഓഡിറ്റ് അറിയിപ്പ്
- എൻട്രി മീറ്റിംഗ്
- ഓഡിറ്റ് ടീമിന് രേഖകൾ ലഭ്യമാക്കൽ
- മറുപടി യഥാസമയം നൽകൽ
- എക്സിറ്റ് മീറ്റിംഗ്
- കരട് ഓഡിറ്റ് റിപ്പോർട്ട് ഒപ്പിടൽ

16

ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചാൽ...?

- ഓഡിറ്റ് നിരീക്ഷണങ്ങളുടെ കോപ്പി നൽകൽ
- മറുപടി ലഭ്യമാക്കൽ
- സെക്രട്ടറിയുടെ കുറിപ്പ് തയ്യാറാക്കൽ
- സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിക്കൽ
- പ്രത്യേക കൗൺസിൽ യോഗത്തിൽ ചർച്ച
- തദ്ദേശസ്വയംഭരണ സ്ഥാപനം മറുപടി തയ്യാറാക്കൽ
- ഗ്രാമസഭയിൽ/വാർഡ്സഭയിൽ മറുപടി അടക്കം ചർച്ച ചെയ്യണം.

17

തുടർനടപടികൾ

- പ്രഥമ മറുപടി
- ഫർതർ റിമാർക്സ്/ഫർതർ റിപ്പോർട്ട്
- ചാർജ്ജ്/സർചാർജ്ജ് നോട്ടീസ്
- ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ്
- ജില്ലാ കോടതിയെ സമീപിക്കൽ
- റവന്യൂ റിക്കവറി
- സാമൂഹ്യത ഓഡിറ്റ് റിപ്പോർട്ട്
- ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി
- നിയമസഭാ കമ്മിറ്റി

18


ഓഡിറ്റിലെ ഉത്തരവാദിത്തവും ബാധ്യതകളും
രേഖകൾ നൽകുന്നതിനുള്ള ഉത്തരവാദിത്തം
ധനപരമായ ഉത്തരവാദിത്തം
ജനപ്രതിനിധികൾ
സെക്രട്ടറി
അറ്റ് ഉദ്യോഗസ്ഥർ
തുക കൈപ്പറ്റിയവർ
19

നന്ദി
20

സെഷൻ – 9

1. വിഷയം: **ക്ഷേമപെൻഷനുകളും ധനസഹായങ്ങളും**

2. ലക്ഷ്യം:
   (1) വിവിധ ക്ഷേമപെൻഷനുകളുടെ പ്രസക്തി വിശദീകരിക്കാൻ കഴിയുക.
   (2) വിവിധ ക്ഷേമപെൻഷനുകളുടെ നിബന്ധനകൾ വിവരിക്കാൻ കഴിയുക.
   (3) വിവിധ ധനസഹായങ്ങളുടെ നിബന്ധനകൾ വിവരിക്കാൻ കഴിയുക.
   (4) പെൻഷൻ/ധനസഹായ അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പറയാൻ കഴിയുക.

3. സമയം : 60 മിനിറ്റ്

4. വേദി : പൊതുവേദി

5. ഉള്ളടക്കവും പഠനരീതിയും:

ക്രമനം	ഉള്ളടക്കം	സമയം	പഠനരീതി	ഉപാധികൾ
1.	ക്ഷേമപെൻഷനുകൾ, ധനസഹായങ്ങൾ – പ്രസക്തി, സാധ്യത.	5 മിനിറ്റ്	പങ്കാളിത്ത അവതരണം, ചർച്ച	വൈറ്റ് ബോർഡ്, മാർക്കർ പേന
2.	നിയമവ്യവസ്ഥകൾ	5 മിനിറ്റ്	അവതരണം	സ്ലൈഡ് – 2
3.	വിവിധ ക്ഷേമപെൻഷനുകൾ, ധനസഹായങ്ങൾ	6 മിനിറ്റ്	സ്ലൈഡ് സഹായം (പഠിതാക്കൾ)	സ്ലൈഡ് – 3, 4
4.	വിവിധ ക്ഷേമപെൻഷനുകളുടെ/ധനസഹായങ്ങളുടെ നിബന്ധനകൾ	25 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 5 മുതൽ 15 വരെ
5.	പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാവുന്ന ധനസഹായങ്ങൾ	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 16
6.	അപേക്ഷകൾ സ്വീകരിക്കൽ, തുടർനടപടികൾ	10 മിനിറ്റ്	പങ്കാളിത്ത അവതരണം, ചർച്ച	സ്ലൈഡ് – 17, വൈറ്റ് ബോർഡ്
7.	സംശയനിവാരണം	4 മിനിറ്റ്		

<u>അവതരണക്കുറിപ്പ്</u>:

സമൂഹത്തിൽ പെൻഷനെ മാത്രം ആശ്രയിക്കുന്ന ഏതാനും കുടുംബങ്ങൾ ഉണ്ടെന്നും പ്രത്യേകിച്ച് മക്കളോ ബന്ധുക്കളോ ശ്രദ്ധിക്കാത്ത കുടുംബങ്ങളിലെ പ്രായമേറിയ അഗതികൾക്ക് ഒരു ശരണമായി ഈ പദ്ധതികൾ അനിവാര്യമാണെന്നും ചർച്ചയിൽ ബോധ്യപ്പെടുത്തണം. അതോടൊപ്പം അനർഹമായി പെൻഷൻ വാങ്ങിക്കുന്നവരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും ചർച്ച ചെയ്യപ്പെടണം. തുടർന്ന് നഗരസഭയിൽ ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന സംഗതികളിൽ ആർക്ക് ആരോടാണ് ഉത്തരവാദിത്വം എന്ന ചോദ്യം പഠിതാക്കൾക്കിടയിൽ ചർച്ച ചെയ്യണം. ഇത്തരം വീഴ്ച്ചകൾ ആവർത്തിക്കാതിരിക്കാൻ പെൻഷൻ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കാനുള്ള ഒരു മനോഭാവം പഠിതാക്കളിൽ സൃഷ്ടിക്കണം.

സെഷൻ-9
ക്ഷേമപെൻഷനുകളും ധനസഹായങ്ങളും

1

- നിയമ വ്യവസ്ഥകൾ

കേരള മുനിസിപ്പാലിറ്റി നിയമം 1994
വകുപ്പ് 30(1)
പട്ടിക I – സമൂഹ്യക്ഷേമം

2

വിവിധ ക്ഷേമപെൻഷനുകൾ

- വാർദ്ധക്യകാലപെൻഷൻ
- വിധവ, വിവാഹമോചിതർക്കുള്ള പെൻഷൻ
- വികലാംഗ പെൻഷൻ
- 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ
- കർഷകത്തൊഴിലാളി പെൻഷൻ

അർഹത- വരുമാന പരിധി-1 ലക്ഷം
സ്ഥലം കൈവശം 2 ഏക്കർ വരെ
ഇൻകം ടാക്സ് നൽകുന്നവർക്ക് അർഹതയില്ല

3

ധനസഹായങ്ങൾ

- **തൊഴിൽ രഹിതവേതനം**
- **സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം**

4

വാർദ്ധക്യകാലപെൻഷൻ

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
2. പ്രായം തെളിയിക്കുന്നതിന് രേഖ
3. സ്ഥിരതാമസം തെളിയിക്കുന്ന രേഖ
4. തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ് / ആധാർ കാർഡ് / ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ)
5. വരുമാനം തെളിയിക്കുന്നതിന് സർട്ടിഫിക്കറ്റ് (ജി.ഒ (എം.എസ്) 8/2015 എസ്.ജെ.ഡി തീയതി 12/2/2015)

5

വാർദ്ധക്യകാലപെൻഷൻ (തുടർച്ച....)

അർഹതാ മാനദണ്ഡം

1. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപ
2. വയസ്സ് 60
3. കേരള സംസ്ഥാനത്ത് മൂന്നുവർഷമെങ്കിലും സ്ഥിരതാമസമായിരിക്കണം (ജി.ഒ.(പി.) 47/95/സ.ക്ഷേ.വ തീയതി

- **അപ്പീൽ അധികാരി- നഗരകാര്യ വകുപ്പ് ഡയറക്ടർ**

6

വിധവ, വിവാഹമോചിതർക്കുള്ള പെൻഷൻ

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
2. വിധവ ആണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് വിവാഹമോചിതയാണെങ്കിൽ വിവാഹ മോചനം നേടിയതിന്റെ രേഖ (g.o (ms)136/2007/ rt. dt 27/4/2007)
3. കേരളത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ
4. തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ് / ആധാർ കാർഡ്/ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ)
5. വരുമാനം തെളിയിക്കുന്നതിന് സർട്ടിഫിക്കറ്റ് (ജി.ഒ(എസ്സ്) 8/2015/ടഖഉ തീയതി 12.2.2015)

അപ്പീൽ അധികാരി- ജില്ലാ കളക്ടർ

7

വികലാംഗ പെൻഷൻ

ഹാജരാക്കേണ്ട രേഖകൾ:

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ
2. സ്ഥിരതാമസം തെളിയിക്കുന്ന ഒരു രേഖ
3. വികലാംഗത്വം തെളിയിക്കുന്ന രേഖ
4. വരുമാനം തെളിയിക്കുന്നതിന് സർട്ടിഫിക്കറ്റ് (ജി.ഒ(എം.എസ്) 8/2015 എസ്.ജെ.ഡി തീയതി 12/2/2015)
5. തിരിച്ചറിയൽ രേഖ

8

വികലാംഗപെൻഷൻ (തുടർച്ച..)

അർഹതാ മാനദണ്ഡം

- കുടുംബ വാർഷിക വരുമാനം - 1,00,000 രൂപ
- വയസ്സ് പരിധിയില്ല
- ശാരീരിക മാനസിക വൈകല്യങ്ങൾ -
- അസ്ഥിവൈകല്യം - ചുരുങ്ങിയത് - 40%
- അന്ധർ - ലെൻസ് ഉപയോഗിച്ചിട്ടും കാഴ്ചശക്തി 6/60 അഥവാ 20/200 സ്നെല്ലനിൽ (ടിലഹഹലി)അധികരിക്കാത്തത്
- ബധിരർ- കേൾവി ശേഷി 90 ഡെസിബെല്ലിൽ കുറഞ്ഞത്
- മാനസിക വൈകല്യം - ഐ.ക്യൂ. 50 ൽ താഴെ

അപ്പീൽ അധികാരി- ജില്ലാ കളക്ടർ

9

50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ

- നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
- അവിവാഹിതയാണെന്നും വരുമാനവും പ്രായവും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (ജി.ഒ.(എം.എസ്) 197/2001/സ.ക്ഷേ.വ തീയതി 21.07.2001) മാതൃക അനുബന്ധം 20 കാണുക
- തിരിച്ചറിയൽ രേഖ –

അർഹതാ മാനദണ്ഡം

- കുടുംബ വാർഷിക വരുമാനം - 1,00,000 രൂപ വരെ
- 50 വയസ് പൂർത്തിയായിരിക്കണം
- കേരള സംസ്ഥാനത്ത് 3 വർഷം സ്ഥിരതാമസക്കാരിയായിരിക്കണം

അപ്പീൽ അധികാരി- ജില്ലാ കളക്ടർ

10

കർഷകത്തൊഴിലാളി പെൻഷൻ

- നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
- കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം
- പ്രായം തെളിയിക്കുന്നതിന് രേഖ
- സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ
- ആധാർകാർഡ് ഹാജരാക്കുന്ന പക്ഷം മറ്റ് തിരിച്ചറിയൽ രേഖകൾ ആവശ്യമില്ല
- വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാനസർട്ടിഫിക്കറ്റ്

11

കർഷകത്തൊഴിലാളി പെൻഷൻ (തുടർച്ച..)

അർഹതാ മാനദണ്ഡം

- കുടുംബ വാർഷിക വരുമാനം -ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല
- 60 വയസ് പൂർത്തിയായിരിക്കണം
- കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം
- അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പ് തുടർച്ചയായി 10 വർഷമെങ്കിലും കേരള ത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ

അപ്പീൽ അധികാരി- ജില്ലാ കളക്ടർ

12

തൊഴിൽ രഹിത വേതനം

- നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
- എസ്.എസ്.എൽ.സി ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്
- പഞ്ചായത്തിൽ സ്ഥിര താമസം സംബന്ധിച്ച രേഖ
- ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ -ആധാർകാർഡ് ഹാജരാക്കുന്ന പക്ഷം മറ്റ് തിരിച്ചറിയൽ രേഖകൾ ആവശ്യമില്ല
- വികലാംഗ സർട്ടിഫിക്കറ്റ് (ബാധകമായവർക്ക് മാത്രം)
- ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് പകർപ്പ് (ഒറിജിനൽ പരിശോധനയ്ക്ക് ഹാജരാക്കണം.)

13

തൊഴിൽ രഹിത വേതനം (തുടർച്ച....)

അർഹതാ മാനദണ്ഡം

1. എസ്.എസ്.എൽ.സി.
2. വരുമാന പരിധി
3. പ്രായം 18 നും 35 നും മദ്ധ്യേ
4. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ - 18 വയസ്സിന് ശേഷം തുടർച്ചയായി വികലാംഗർക്ക്/പട്ടികജാതിക്കാർക്ക്/പട്ടികവർഗ്ഗകാർക്ക് 2 വർഷവും മറ്റുള്ളവർക്ക് 3 വർഷവും സീനിയോറിറ്റി വേണം
5. യഥാസമയം പുതുക്കാത്തതിനാൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്ന സാഹചര്യത്തിൽ പുനർ രജിസ്ട്രേഷൻ കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചിരിക്കണം

അപ്പീൽ അധികാരി- ജില്ലാ കളക്ടർ

14

സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം

വിധവകളുടെ മക്കൾ (അമ്മയില്ലെങ്കിലും അപേക്ഷിക്കാം)

- പെൺകുട്ടി- പ്രായപരിധി 18 വയസ്സ്
- കുടുംബവാർഷിക വരുമാനം 20,000/
- കേരളത്തിൽ സ്ഥിരതാമസം 3 വർഷം
- പെൺകുട്ടിയുടെ സമ്പത്ത്- 50,000/ കവിയരുത്
- അപേക്ഷയുടെ കാലതാമസം ഒഴിവാക്കൽ ജില്ലാ സാമൂഹ്യനീതി ഓഫീസ്സർ
- അപേക്ഷ നൽകൽ അമ്മ അല്ലെങ്കിൽ രക്ഷിതാവ് / പെൺകുട്ടി

അപ്പീൽ അധികാരി- ജില്ലാ കളക്ടർ

15

പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാവുന്ന ധനസഹായങ്ങൾ

- പട്ടികജാതി/പട്ടികവർഗ്ഗ രക്ഷിതാക്കളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം -75,000 രൂപ
- Inter Caste/Inter Religion Marriage- ധനസഹായം-50,000 രൂപ
- വിധവകളുടെ മക്കളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം-50,000 രൂപ

(ജി.ഒ എം.എസ് 80/2017/തസ്വഭവ തീയതി 3.4.2017)

16

നടപടിക്രമങ്ങൾ

- സമയപരിധി
- അപേക്ഷ സ്വീകരിക്കൽ
- രജിസ്റ്ററിൽ ചേർക്കൽ
- അന്വേഷണത്തിന് നൽകൽ
- സ്റ്റാന്റിംഗ്കമ്മിറ്റി പരിഗണിക്കൽ
- തീരുമാനമെടുക്കൽ
- ഉത്തരവ് പുറപ്പെടുവിക്കൽ

അപേക്ഷകരെ അറിയിക്കൽ

- ഡാറ്റാ എൻട്രി

നിരസിക്കുന്നതിനുള്ള കാരണങ്ങൾ

17

നന്ദി

18

സെഷൻ – 10

1. വിഷയം: **അറിയാനുള്ള അവകാശം, സേവനാവകാശം, പൗരാവകാശരേഖ**

2. ലക്ഷ്യം: (1) വിവരാവകാശ നിയമത്തിന്റെ പ്രസക്തി വിശദമാക്കാൻ കഴിയുക.
   (2) വിവരാവകാശത്തിലെ നടപടിക്രമങ്ങളും ചുമതലകളും മനസ്സിലാക്കാൻ കഴിയുക.
   (3) സേവനാവകാശ നിയമത്തിന്റെ പ്രസക്തി വിവരിക്കാൻ കഴിയുക.
   (4) സേവനാവകാശ നിയമപ്രകാരം ഉദ്യോഗസ്ഥർക്കുള്ള ഉത്തരവാദിത്തങ്ങൾ വിവരിക്കാൻ കഴിയുക.
   (5) പൗരാവകാശ രേഖയുടെ പ്രസക്തി വിവരിക്കാൻ കഴിയുക.
   (6) പൗരാവകാശരേഖ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പറയാൻ കഴിയുക.

3. സമയം : 60 മിനിറ്റ്

4. വേദി : പൊതുവേദി, പ്രശ്നോത്തരി നടത്താനുള്ള വേദി

5. ഉള്ളടക്കവും പഠനരീതിയും:

ക്രമനം	ഉള്ളടക്കം	സമയം	പഠനരീതി	ഉപാധികൾ
1.	വിവരാവകാശ നിയമത്തിന്റെ പാശ്ചാത്തലം, പ്രസക്തി	5 മിനിറ്റ്	പങ്കാളിത്ത അവതരണം	ചാർട്ട് പേപ്പർ മാർക്കർ പേന സ്ലൈഡ് – 2
2.	സേവനാവകാശ നിയമം	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 3
3.	പൗരാവകാശരേഖ	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 4
4.	വിവരാവകാശ നിയമം, പൗരാവകാശ രേഖ, സേവനാവകാശ നിയമം എന്നിവ സംബന്ധിച്ച പ്രശ്നോത്തരി നടത്തുന്നു. (കൈപ്പുസ്തകം വായിച്ച് പഠിച്ച് വരാൻ നിർദ്ദേശിച്ചിരിക്കണം.) നിർദ്ദേശങ്ങൾ നൽകലും ഗ്രൂപ്പ് തിരിയലും – 5 മിനിറ്റ്, പ്രശ്നോത്തരി – 30 മിനിറ്റ്	35 മിനിറ്റ്	വിവരണാത്മക പ്രശ്നോത്തരി കുറിപ്പ്-1, 2	സ്ലൈഡ് – 5 സ്ലൈഡ് 6-45
5.	ഉദ്യോഗസ്ഥരുടെ ചുമതലകൾ	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 6 മുതൽ 15 വരെ എൽ.സി.ഡി
6.	സംശയനിവാരണം	5 മിനിറ്റ്		

കുറിപ്പ്: (1) കൈപ്പുസ്തകത്തിലെ 10-ാം അദ്ധ്യായം തലേ ദിവസം വായിച്ചു വരാൻ പറയണം.

(2) പഠിതാക്കളെ 5 ഗ്രൂപ്പുകളായി തിരിക്കുന്നു. എക്സ്പ്ലനേറ്ററി ക്വിസ് നടത്തുന്നു. സ്ലൈഡ് കാണിച്ച് ചോദ്യവും തുടർന്ന് ഉത്തരവും കാണിച്ച് മാർക്ക് ഇടുന്നു. ക്വിസിനു ശേഷം ഉദ്യോഗസ്ഥർക്ക് ഇതിലുള്ള പങ്ക് വിശദീകരിച്ച് അവതരണം നടത്തുന്നു.

സെഷൻ 10

അറിയാനുള്ള അവകാശം

സേവന അവകാശം

പൗരാവകാശരേഖ

വിവരാവകാശ നിയമം – 2005

- ജനാധിപത്യ ഭരണവ്യവസ്ഥ സുതാര്യമാക്കൽ
- ഉത്തരവാദിത്വം പൂർണ്ണമാക്കൽ
- ഭരണത്തെയും ഭരണകർത്താക്കളേയും നിരീക്ഷിക്കാൻ അവസരം
- ചോദ്യം ചെയ്യാനും തിരുത്താനും സാഹചര്യം
- അറിയുക എന്നത് അവകാശം

സേവന അവകാശ നിയമം – 2012

- നൽകുന്ന സേവനങ്ങൾക്ക് അവകാശ മെന്ന പരിരക്ഷ
- സമയബന്ധിതമായി സേവനം നൽകൽ
  - നോട്ടിഫിക്കേഷൻ
  - ഉദ്യോഗസ്ഥരെ ചുമതലപ്പെടുക്കൽ
  - രജിസ്റ്ററുകളുടെ സൂക്ഷിപ്പ്
  - ഫോറങ്ങൾ 1 മുതൽ 4 വരെ

പൗരാവകാശരേഖ തയ്യാറാക്കൽ

- കേരള മുനിസിപ്പൽ ആക്ട് 1994 – സെക്ഷൻ 563 A
- നൽകുന്ന സേവനങ്ങൾ പരസ്യപ്പെടുത്തൽ
- ക്രോഡീകരണം, അച്ചടി
- പരസ്യപ്പെടുത്തൽ
- പൗരന്മാർക്ക് ലഭ്യമാക്കൽ
- പുതുക്കൽ

പ്രശ്നോത്തരി

- 5 ഗ്രൂപ്പുകൾ
- ഓരോ ഗ്രൂപ്പിനും ഒരു ലീഡർ വേണം
- ഗ്രൂപ്പിലെ അംഗങ്ങളുമായി കൂടിയാലോചിച്ച് ലീഡർ ഉത്തരം പറയണം
- ഓരോ ചോദ്യത്തിനും 10 മാർക്ക്
- പാസ് ചെയ്താൽ 5 മാർക്ക്

1. വിവരാവകാശനിയമ പ്രകാരം വിവരം ലഭിക്കുന്നതിന് ലിഖിതമായോ, ഇലക്ട്രോണിക് മാധ്യമം മുഖേനയോ അപേക്ഷ നൽകാം.

ശരിയോ തെറ്റോ? *(പാസിംഗ് ഇല്ല)*

ശരി (**Rule 6 I**)

2. ഏതെല്ലാം ഭാഷയിൽ അപേക്ഷ നൽകാം?

ഇംഗ്ലീഷ്.
ഹിന്ദി,
പ്രാദേശികഭാഷ/മലയാളം

3. തീർപ്പാക്കാനുള്ള കാലപരിധി പരമാവധി എത്ര ദിവസം?

30 ദിവസം

4.വിവരം നൽകുന്നതിനുള്ള ഫീസ്?

A4 വലുപ്പത്തിലുള്ള ഓരോ പകർപ്പിനും 2 രൂപ

5.പബ്ലിക് ഇൻഫർമേഷൻ ആഫീസറുടെ ഉത്തരവിനെതിരെ പരാതിപ്പെടേണ്ടത് ആർക്കാണ്?

ഒന്നാം അപ്പീൽ അധികാരിക്ക് (മുനിസിപ്പാലിറ്റിയിൽ മുനിസിപ്പൽ ഡയറക്ടർക്ക്)

6.വിവരാവകാശ നിയമപ്രകാരം രണ്ടാം അപ്പീൽ അധികാരി ആരാണ്?

സംസ്ഥാന വിവരാവകാശ കമ്മീഷൻ

7. വിവരാവകാശനിയമ പ്രകാരം ഈടാക്കുന്ന പരമാവധി പിഴ എത്ര രൂപ?

25,000/- രൂപ

8. അപേക്ഷ നിരസിക്കുമ്പോൾ പറയേണ്ട മൂന്ന് കാര്യങ്ങൾ?

1. നിരസിക്കുമ്പോൾ കാരണം പറയണം.
2. അപ്പീൽ കാലാവധി പറയണം
3. അപ്പീൽ അധികാരിയുടെ വിവരങ്ങൾ നൽകണം.

9.പൗരാവകാശരേഖ തയ്യാറാക്കണമെന്ന് മുനിസിപ്പൽ ആക്റ്റിൽ ഏത് വകുപ്പിലാണ് പറഞ്ഞിരിക്കുന്നത്?

1994-ലെ മുനിസിപ്പൽ ആക്റ്റ് - സെക്ഷൻ 563 A .

10. എപ്പോഴാണ് പൗരാവകാശരേഖ തയ്യാറാക്കേണ്ടത്?

ഒരു കൗൺസിൽ രൂപീകരിച്ച് പരമാവധി 6 മാസത്തിനുള്ളിൽ

11. പൗരാവകാശരേഖ തയ്യാറാക്കൽ ചട്ടങ്ങൾ പ്രകാരം ഒരു ഉദ്യോഗസ്ഥൻ സേവനം നൽകുന്നതിൽ വീഴ്ച്ച വരുത്തിയാൽ അപേക്ഷകന് ചെയർപേഴ്സണന് പരാതി നൽകാം. എന്നാൽ കൗൺസിൽ വീഴ്ച്ച വരുത്തിയാൽ ആർക്കാണ് പരാതി നൽകേണ്ടത്?

ഓംബുഡ്സ്മാന്

12.സേവനാവകാശ നിയമം നിലവിൽ വന്നത് ഏത് വർഷം?

2012-ൽ

13.വിജ്ഞാപനം ചെയ്ത പ്രകാരം സേവനം ലഭിച്ചില്ലെങ്കിൽ സേവനാവകാശ നിയമപ്രകാരം അപേക്ഷകന് ഒന്നാം അപ്പീൽ സമർപ്പിക്കാവുന്ന കാല പരിധി എത്രയാണ്.?

30 ദിവസം.

14.വിവരാവകാശ നിയമപ്രകാരം രണ്ടാം അപ്പീൽ അധികാരി ആരാണ്?

വിവരാവകാശ കമ്മീഷണർ

15. നിശ്ചിത പരിധിക്കുള്ളിൽ സേവനം നൽകാതിരുന്നാൽ രണ്ടാം അപ്പീൽ അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനുമേൽ ഓരോ ദിവസത്തിനും ചുമത്താവുന്ന ശിക്ഷ എത്രയാണ്.?

250/- രൂപ

16. സേവനാവകാശ നിയമത്തിൽ ഉദ്യോഗസ്ഥർക്ക് പരിരക്ഷ നൽകുന്ന വകുപ്പ് ഏതാണ് ?

വകുപ്പ് 9

17. പ്രമാണങ്ങളും രേഖകളും പരസ്യ പ്രമാണങ്ങളായി പ്രഖ്യാപിക്കപ്പെട്ട മുനിസിപ്പൽ നിയമത്തിലെ വകുപ്പുകൾ ഏതാണ്?

517 A മുതൽ 517 Z വരെയുള്ള വകുപ്പുകൾ

18.ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് സൗജന്യമായി വിവരങ്ങൾ നൽകാം. എത്ര പേജുകൾ സൗജന്യമായി നൽകാം ?

A4 സൈസിൽ 20 പേജ്

19. റെക്കാർഡുകൾ പരിശോധിക്കുന്നതിന് എത്ര സമയത്തേക്ക് ഫീസ് ഈടാക്കേണ്ടതില്ല ?

ആദ്യ ഒരു മണിക്കൂറിന്.

20.ഒരിക്കൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചാൽ ആ ഭരണസമതി മാറുന്നതു വരെ അത് പുതുക്കേണ്ടതുണ്ട്.

എപ്പോഴാണ് പുതുക്കേണ്ടത്?

എല്ലാ വർഷവും/ഓരോ വർഷവും

ഉദ്യോഗസ്ഥരുടെ ചുമതലകൾ

- വിവരം സ്വയം അറിയിക്കൽ
- വിവരം നൽകേണ്ട ചുമതല - പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ + ജീവനക്കാർ
- രേഖകളുടെ ചിട്ടയായ സൂക്ഷിപ്പ്
- സമയബന്ധിതമായി വിവരം നൽകൽ

നന്ദി

47

സെഷൻ – 11

1. വിഷയം: **നഗരാസൂത്രണവും കെട്ടിടനിർമ്മാണ ചട്ടങ്ങളും കെട്ടിടനിർമ്മാണാനുമതിയും**

2. ലക്ഷ്യം: (1) കേരളത്തിലെ നഗരവത്ക്കരണത്തിന്റെ സവിശേഷതകൾ വിവരിക്കാൻ കഴിയുക.
   (2) നഗരാസൂത്രിത്തിന്റെ ആവശ്യകത വിശദീകരിക്കാൻ കഴിയുക.
   (3) നഗരാസൂത്രണ നിയമത്തിന്റെ സവിശേഷതകൾ പറയുവാൻ കഴിയുക.
   (4) മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കാൻ കഴിയുക.
   (5) അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകൾ പറയുവാൻ കഴിയുക

3. സമയം : 75 മിനിറ്റ്

4. വേദി : പൊതുവേദി

5. ഉള്ളടക്കവും പഠനരീതിയും:

ക്രമനം	ഉള്ളടക്കം	സമയം	പഠനരീതി	ഉപാധികൾ
1.	സ്ഥലപരാസൂത്രണം, നഗരാസൂത്രണം – എന്ത്, എങ്ങനെ? ആമുഖം. നഗരവൽക്കരണം	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് –2, 3
2.	നഗരാസൂത്രണം എന്ത് ? ലക്ഷ്യങ്ങൾ	5 മിനിറ്റ്	വായന (പഠിതാക്കൾ)	കൈപ്പുസ്തകം, സ്ലൈഡ് – 4
3.	നഗരാസൂത്രണ രൂപരേഖകൾ നിയന്ത്രണങ്ങൾ	3 മിനിറ്റ്	അവതരണം	സ്ലൈഡ് – 5
4.	നഗരാസൂത്രണ നിയമം – 2016.	2 മിനിറ്റ്	അവതരണം	സ്ലൈഡ് – 6
5.	റദ്ദാക്കപ്പെട്ട നിയമങ്ങൾ	2 മിനിറ്റ്	അവതരണം സ്ലൈഡ് വായന	സ്ലൈഡ് –7
6.	വിവിധതലങ്ങളിൽ തയ്യാറാക്കേണ്ട പ്ലാനുകൾ	5 മിനിറ്റ്	വായന (പഠിതാക്കൾ)	കൈപ്പുസ്തകം, സ്ലൈഡ് – 8
7.	നഗരസഭയുടെ ചുമതലകൾ, അധികാരങ്ങൾ, കമ്മിറ്റികൾ	5 മിനിറ്റ്	സ്ലൈഡ് വായന, പങ്കാളിത്ത അവതരണം	സ്ലൈഡ് – 9, 10
8.	കെട്ടിട നിർമ്മാണ ചട്ടം – 1999 ആമുഖം, ലക്ഷ്യങ്ങൾ	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 11
9.	പെർമിറ്റ്	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 12
10.	പെർമിറ്റ് ഒഴിവാക്കപ്പെട്ടവ	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 13
11.	പെർമിറ്റ് ഇളവ്	5 മിനിറ്റ്	പങ്കാളിത്ത അവതരണം	സ്ലൈഡ് – 14

12.	പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടങ്ങൾ	5 മിനിറ്റ്	വായന (പഠിതാക്കൾ)	കൈപ്പുസ്തകം, സ്ലൈഡ് - 15
13.	ഭൂവികസന അപേക്ഷ, അനുമതി	5 മിനിറ്റ്	അവതരണം	സ്ലൈഡ് - 16
14.	വിവധതരം കെട്ടിടങ്ങൾക്ക് ആവശ്യ മായ അനുമതികൾ	8 മിനിറ്റ്	വായന (പഠിതാക്കൾ)	കൈപ്പുസ്തകം, സ്ലൈഡ് - 17
15.	അനധികൃത നിർമ്മാണങ്ങൾ	5 മിനിറ്റ്	ചർച്ച, അവതരണം	സ്ലൈഡ് - 18
16.	സംശയ നിവാരണം	5 മിനിറ്റ്	-	-

കുറിപ്പ്: വായന എന്ന് പഠനരീതിയിൽ പറഞ്ഞിട്ടുള്ളിടത്ത് കൈപ്പുസ്തകത്തിലെ ബന്ധപ്പെട്ട ഭാഗം പഠിതാക്കളെക്കൊണ്ട് വായിപ്പിക്കുകയാണ് വേണ്ടത്. എല്ലാവരും സ്വയം വായിക്കുന്ന രീതിയോ, രണ്ടോ മൂന്നോ പേരെക്കൊണ്ട് ഉറക്കെ വായിപ്പിക്കുന്ന രീതിയോ അവലംബിക്കാവു ന്നതാണ്. വായനക്കു ശേഷം ഫാക്കൽറ്റി അംഗം ചർച്ചയും ക്രോഡീകരണവും നടത്തണം.

സെഷൻ 11

നഗരാസൂത്രണവും കെട്ടിട നിർമ്മാണ ചട്ടങ്ങളും കെട്ടിടനിർമ്മാണാനുമതിയും

സ്ഥലപരാസൂത്രണം

- ഒരു ദേശത്തിന്റെ ഭൗതിക, സാമൂഹിക, സാമ്പത്തിക തലത്തിലുള്ള വികസനത്തിന് സ്ഥലപരമായ പ്രത്യേകതകൾ/മാനം കൂടി പരിഗണിക്കപ്പെട്ട ആസൂത്രണ സമീപനം
- ഓരോ പ്രവർത്തനങ്ങൾക്കും അനുയോജ്യമായ സ്ഥലം ശാസ്ത്രീയ രീതിയിൽ രൂപപ്പെടുത്തുന്നു.
- വികസനമേഖലകളെ സ്ഥലപരമായി സംയോജിപ്പിക്കപ്പെടുന്നു.
- പദ്ധതി നിർവ്വഹണം- സ്ഥലപരമാനവും സാദ്ധ്യമാകുന്നു.

നഗരവൽക്കരണം

Rural	Urban
പരമ്പരാഗത ഗ്രാമീണ സമ്പത് വ്യവസ്ഥ	വ്യവസായ വാണിജ്യ സമ്പത് വ്യവസ്ഥ
പരിമിതമായ ഭൗതിക; സാമൂഹിക പാശ്ചാത്തല സൗകര്യങ്ങൾ	ആധുനിക സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ
പരിമിതമായ ജോലി സാധ്യതകൾ	വിപുലമായ ജോലി സാധ്യതകൾ
പരിമിതവും കുറഞ്ഞ തോതിലുള്ള ജനസ്രാതയും പ്രവർത്ത സാന്ദ്രതയും	ഉയർന്ന ജനസാന്ദ്രതയും ഉയർന്ന പ്രവർത്തന (Action) സാന്ദ്രതയും
ഗ്രാമത്തിൽ നിന്ന് കൂടിയേറ്റം, നഗര വിസ്തൃതി വർദ്ധന, നഗര ജനസംഖ്യ വർദ്ധന	

നഗരാസൂത്രണം എന്ത്?

- സ്ഥലപരമായി ശാസ്ത്രീയമായി ദീർഘവീക്ഷണത്തോടെ, സുസ്തിര വിഭവ വിനിയോഗം ഉറപ്പു വരുത്തി, സാമൂഹിക സാമ്പത്തിക ഭൗതിക വികസനം ഉറപ്പാക്കൽ
- നഗരാസൂത്രണ ലക്ഷ്യങ്ങൾ?

കൈപ്പുസ്തകത്തിലെ ഖണ്ഡിക 11.4 വായിക്കാം

നഗരാസൂത്രണ രൂപരേഖകൾ

(എ) മാസ്റ്റർ പ്ലാൻ

- ദീർഘവീക്ഷണ പരിപ്രേക്ഷ്യമായ പേഴ്സ്പെക്റ്റീവ് പ്ലാൻ
- നിർവ്വഹണ രൂപരേഖ (Exceution Plan) -5 years

(വി) വിശദ നഗരാസൂത്രണ പദ്ധതികൾ

നഗരാസൂത്രണവുമായി ബന്ധപ്പെട്ട നിർമ്മാണ നിയന്ത്രണങ്ങൾ

(എ) മേഖലാ നിയന്ത്രണം

(ബി) കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ - 1999

നഗര-ഗ്രാമാസൂത്രണ നിയമം - 2016

- 2016 മാർച്ച് 17-ന് 19904/ലെഗ് ബി1/2013/നില 2-ാം നമ്പർ വിജ്ഞാപനം
- ശാസ്ത്രീയ സ്ഥലപര ആസൂത്രണത്തിൽ കേന്ദ്രീകരിച്ച് കൊണ്ട് സംസ്ഥാനത്തെ നഗര-ഗ്രാമപ്രദേശങ്ങളിലെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനും വളർച്ച ക്രമീകരക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു.
- ഇപ്പോഴും ഭാവിയിലും ജനങ്ങൾക്ക് മെച്ചപ്പെട്ട ശുചിത്വ നിലവാരങ്ങളും ആവശ്യങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

ഈ അക്റ്റ്പ്രകാരം റദ്ദാക്കപ്പെട്ട നഗരാസൂത്രണ നിയമങ്ങൾ

1. ടൗൺ പ്ലാനിംഗ് ആക്റ്റ് - 1108 **ME**
2. ദി ട്രാവൻകൂർ ടൗൺ & കൺട്രി പ്ലാനിംഗ് ആക്റ്റ് - 1120 **ME**
3. ദി മദ്രാസ് ടൗൺ പ്ലാനിംഗ് ആക്റ്റ് - 1920
4. കേരളാ ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ് - 2016

Note : മേൽ റദ്ദാക്കപ്പെട്ട ആക്റ്റുകളുടെ കീഴിൽ അംഗീകരിച്ചിട്ടുള്ള/പ്രസിദ്ധീകരിച്ചിട്ടുള്ളവയെ പ്ലാനുകളായി കരുതപ്പെടും (**Section - 113**)

വിവിധ തലങ്ങളിൽ തയ്യാറാക്കേണ്ട പ്ലാനുകൾ

കൈപ്പുസ്തകത്തിലെ ഖണ്ഡിക 11.7.iii -ലെ പട്ടിക വായിക്കുക

KTCP Act – 2016 നഗരസഭകളുടെ അധികാരങ്ങൾ/ചുമതലകൾ

- മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
- എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കൽ
- വദ്ധതികൾ, ലാൻഡ് പൂളിംഗ് സ്കീമുകൾ, വിശദ നഗരാസൂത്രണ വദ്ധതികൾ എന്നിവക്ക് രൂപം നൽകുക. നടപ്പിലാക്കുക.
- പ്ലാനുകൾക്ക് അനുസൃതമായി, നഗരപ്രദേശത്തെ ഭൂവിനിയോഗം, വികസന പ്രവർത്തനങ്ങൾ എന്നിവ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
- പ്ലാൻ തയ്യാറാക്കുന്നതിനും വദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമെങ്കിൽ പ്രത്യേക പ്രവർത്തന ഏജൻസികൾ സ്ഥാപിക്കലും മാർഗ്ഗനിർദ്ദേശം നൽകലും
- മേൽ ചുമതലകൾക്ക് അനുസൃതമായി വരുന്ന അതതു സമയം സർക്കാർ നിർദ്ദേശിക്കുന്ന ചുമതലകൾ നിർവ്വഹിക്കുക

KTCP Act – 2016 പ്രകാരം പ്ലാനുകൾ തയ്യാറാക്കുന്നതിന് നഗരസഭ രൂപീകരിക്കേണ്ട കമ്മിറ്റികൾ - Sec-32

- ആക്റ്റ് പ്രകാരമുള്ള .അധികാരങ്ങൾ വിനിയോഗിക്കുന്നതിനോ സഹായിക്കുന്നതിനോ ആവശ്യമെങ്കിൽ സ്പെഷ്യൽ കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കാവുന്നതാണ്.

ചെയർപേഴ്സൺ - കൗൺസിൽ ചെയർപേഴ്സൺ
കൺവീനർ - നഗരസഭാ സെക്രട്ടറി
അംഗങ്ങൾ -

(1) നാമനിർദ്ദേശം ചെയ്യുന്ന കൗൺസിൽ അംഗങ്ങൾ
